# മാനന്തവാടി രൂപത
## ബുള്ളറ്റിൻ

Vol. 12 / Issue 10
October 2021



RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. sub. Rs. 120

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 12** **ഒക്ടോബർ - 2021** **ലക്കം 10**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| *സർക്കുലർ.........................................................................* | *05* |
| *സർക്കുലർ.........................................................................* | *09* |
| *ലോകമിഷൻ ഞായർ.............................................................* | *11* |
| *പരസ്പരസ്നേഹവും ദൈവൈക്യവും...........................* | *20* |
| *രൂപതാകച്ചേരി വാർത്തകൾ ..............................................* | *29* |
| *മതബോധനരംഗം .................................................................* | *30* |
| *ചെറുപുഷ്പ മിഷൻലീഗ്.........................................................* | *32* |
| *Department of Youth Ministry ........................................* | *42* |
| *കെ.സി.വൈ.എം...........................................................................* | *46* |
| *കുടുംബപ്രേഷിതത്വം.............................................................* | *53* |
| *സീയോൻ വാർത്തകൾ ........................................................* | *62* |
| *സാമൂഹ്യ സേവനരംഗം (WSSS)..........................................* | *64* |
| *ബയോവിൻ അഗ്രോ റിസർച്ച്..............................................* | *72* |
| *റേഡിയോ മാറ്റൊലി ..............................................................* | *74* |
| *നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി..............................* | *77* |
| *Mary Matha Arts & Science College.............................* | *82* |
| *കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................* | *85* |

## സർക്കുലർ

***Circular No.16/2021***
***Prot. No. 25287/2021***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

''അവൻ അവരോട് പറഞ്ഞു നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ16:15). ''കത്തോലിക്ക പ്രവർത്തനങ്ങളിൽ ഏറ്റവും വിശുദ്ധവും വിശിഷ്ടവും ആയിട്ടുള്ളത് പ്രേക്ഷിതവൃത്തി യാണ്''. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയുസ് പാപ്പ 'റേരും എക്ളേസിയെ' എന്ന ചാക്രിക ലേഖനത്തിൽ എഴുതിയ വാക്കുകളാണിവ. കർത്താവിന്റെ ശിഷ്യരുടെ കൂട്ടായ്മയായ തിരുസഭ അതിന്റെ പ്രാരംഭം മുതൽ ഇന്ന് വരെയും ഇനിയുള്ള കാലവും ഹൃദയത്തിൽ സൂക്ഷിക്കുന്ന ബോധ്യവും ഇതുതന്നെ യാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ട ശിഷ്യന്മാരുടെ സാക്ഷ്യവും അവിടുന്ന് നല്കിയ ദൗത്യവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോയി അവിടുത്തെ സുവിശേഷം പ്രഘോഷി ക്കാൻ അവർക്ക് ശക്തിയും പ്രേരണയും നല്കി. സാക്ഷ്യമാണ് സുവിശേഷണത്തിന്റെ കാതൽ.

''സുവിശേഷം പ്രസംഗിക്കുന്നില്ലങ്കിൽ എനിക്ക് ദുരിതം'' എന്ന ആത്മഘോഷം വിശുദ്ധ പൗലോസിനെ നയിക്കു ന്നത് ഞാനൊരു പ്രേഷിതനാണ്, ഞാൻ ജീവിതത്തിലൂടെ സുവി ശേഷം പ്രസരിപ്പിക്കേണ്ടവനാണ് എന്ന ചിന്ത തന്നെയാണ്. സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണെന്ന് രണ്ടാം വത്തി ക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. ഈ ദൗത്യബോധത്താൽ നയിക്കപ്പെടുന്ന സംഘടനയാണ് മിഷൻ ലീഗ്. എഴുപത്തിയഞ്ചാ ണ്ടുകളുടെ അഭിമാന ചരിത്രമുള്ള ഈ സംഘടനയും സംഘട നാംഗങ്ങളുംവഴി തിരുസഭയ്ക്ക് ലഭിച്ച പ്രേഷിത ഉണർവ് എപ്പോഴും പ്രസ്താവ്യമാണ്; അഭിനന്ദനീയമാണ്.

ചെറുപുഷ്പമിഷൻലീഗിന്റെ പ്രസക്തി എന്താണെന്ന ചോദ്യത്തിനുത്തരം തേടിയാൽ പ്രേഷിത പ്രവർത്തനത്തിന്റെ പ്രസക്തി എന്താണെന്ന ചോദ്യത്തിന്റെ ഉത്തരത്തിലാണ് നമ്മൾ ചെന്നെത്തുന്നത്. പ്രേഷിത പ്രവർത്തനം എന്തിന് എന്നതിന്റെ ഉത്തരത്തിന്റെ താക്കോൽ ജെറമിയാ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നുണ്ട്. യുദ്ധതടവുകാരായി ബാബിലോണിൽ എത്തിയ ഇസ്രായേൽക്കാരോട് അവിടുന്ന് അരുളിച്ചെയ്യുന്നു: ''വീട് പണിത് നിങ്ങൾ അതിൽ വസിക്കുവിൻ. തോട്ടങ്ങൾ നട്ടു പിടിപ്പിച്ച് ഫലങ്ങൾ അനുഭവിക്കുവിൻ. വിവാഹം കഴിച്ച് സന്താനങ്ങൾക്ക് ജന്മം നൽകുവിൻ. നിങ്ങളുടെ പുത്രീപുത്രന്മാരെ വിവാഹം കഴിപ്പിക്കുവിൻ. അവർക്കും മക്കളുണ്ടാകട്ടെ നിങ്ങളും പെരുകണം. നിങ്ങളുടെ സംഖ്യ കുറഞ്ഞു പോകരുത്'' (29: 5-6). കാരണം അബ്രാഹത്തിലൂടെ ദൈവം കൊടുത്ത വാഗ്ദാനം പൂർത്തിയാകണമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത എല്ലായിടത്തും ഉണ്ടാകണം. ഇതു തന്നെയാണ് ക്രിസ്തുവിന്റെ ശിഷ്യരോടും ദൈവം പറയുന്നത്. ക്രിസ്തുവിലൂടെ നിർവഹിച്ച രക്ഷ ലോകാവസാനം വരെ ഉണ്ടാകുന്ന എല്ലാ തലമുറകളിലേക്കും എത്തിക്കാൻ അവിടുത്തെ മൗതികശരീരത്തിലെ അവയവങ്ങൾ എന്നും എല്ലായിടത്തും ഉണ്ടാകണം. ''ക്രിസ്തുവിന്റെ വചനത്തോട് അവഗാഢം ബന്ധിച്ചിരിക്കുന്ന നമ്മുടെ കാലഘട്ടത്തിന്റെ പ്രത്യുത്തരിക്കാൻ കഴിവുള്ള എല്ലായിടത്തും സുവിശേഷം വ്യാപിപ്പിക്കാൻ സജ്ജീകൃതരായ അപ്പസ്തോലൻമാരുടെ പുതിയ തലമുറ ജനിക്കണമെന്ന് ഒരു അടിയന്തിരാവശ്യമുണ്ട്'' എന്ന് മുൻ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞു (ഫെബ്രുവരി 22, 2006). പ്രേഷിതദൗത്യവാഹകരുടെ പുതുതലമുറയെ രൂപപ്പെടുത്തുന്നതിൽ കഴിഞ്ഞ 75 ആണ്ടുകളായി ചെറുപുഷ്പ മിഷൻലീഗ് പ്രകടിപ്പിച്ച ആത്മാർത്ഥത ശ്ലാഘനീയമാണ്.

''മനുഷ്യരുടെ ഇടയിൽ ദൈവരാജ്യം വളരുന്നതിന് വേണ്ടി സമൂഹത്തിൽ വ്യാപരിക്കാൻ അത്മായർ അയയ്ക്കപ്പെടുന്നു''.


(YOU CAT139). അത്മായ പ്രേഷിതപ്രസ്ഥാനമെന്ന നിലയിൽ ചെറുപുഷ്പ മിഷൻലീഗ് മനുഷ്യരുടെ ഇടയിൽ ദൈവരാജ്യം വ്യാപിക്കാൻ നിർണ്ണായക ഇടപെടലുകൾ നടത്തുന്നു.

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയിലേയ്ക്ക് പ്രവേശിക്കുമ്പോൾ മാനന്തവാടി രൂപത മുഴുവൻ സന്തോഷിക്കുന്നത് ഈ സാഹചര്യത്തിലാണ്. 2021 ഒക്ടോബർ 03 മുതൽ 2022 ഒക്ടോബർ 03 വരെ ശാഖ- മേഖല- രൂപത തലങ്ങളിലായി നടക്കുന്ന ജൂബിലി പ്രവർത്തനങ്ങളെ നമുക്ക് പൂർണ്ണമനസ്സോടെ പിന്തുണയ്ക്കാം. ഒക്ടോബർ 03 ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ മിഷൻലീഗിന്റെ രൂപതാ ഓഫീസിൽ നിന്ന് നല്കുന്ന മെഴുകുതിരിയിലേയ്ക്ക് നമ്മുടെ പ്രേഷിതപ്രാർത്ഥനകളുടെ വെളിച്ചം കൊളുത്തി നമുക്കത് ആരംഭിക്കാം. ഓഫീസിൽ നിന്ന് നല്കുന്ന ജൂബിലി ബാനർ ദേവാലയത്തിൽ എല്ലാവരും കാണും വിധം സ്ഥാപിക്കാനും ജൂബിലി മിഷൻ കലണ്ടർ ഭവനങ്ങളിൽ സ്ഥാപിക്കാനും ഏവരും ശ്രദ്ധിക്കണേ.. രൂപതയിലെ എല്ലാ കുടുംബങ്ങളിലും സന്ധ്യാപ്രാർത്ഥനസമയത്ത് പ്രത്യേകം മെഴുകുതിരി കത്തിച്ച് ജൂബിലി പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ഇടവകാ വികാരിയച്ചന്മാർ നിർദ്ദേശം നല്കുന്നത് നല്ലതാണ്. നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദീകരും സമർപ്പിതരും നൽകുന്ന പിന്തുണയും പ്രാർത്ഥനയും അത്മായ പ്രേഷിതരുടെ ആത്മാർത്ഥതയും സമർപ്പണവും സമ്മേളിക്കുമ്പോൾ ജൂബിലി വർഷം സാർത്ഥകമാകും.

''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു''(യോഹ 20:21). ഉത്ഥിതന്റെ വാക്കുകളുടെ നിരന്തരപ്രചോദനം നമ്മെ ഓരോരുത്തരേയും നിതാന്തം പ്രേഷിതരായി നിലനിർത്തും. ചെറുപുഷ്പ മിഷൻലീഗിനെ നയിക്കുകയും വളർത്തുകയും ചെയ്യുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് എന്നും പ്രോത്സാഹനം നല്കണമെന്ന് ദൈവജനത്തെ മുഴുവൻ ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021-ാംമാണ്ട് സെപ്റ്റംബർ മാസം 22ന് നല്കപ്പെട്ടത്.

യേശുവിൽ



ജോസ് പൊരുന്നേടം
മാനന്തവാടി രൂപതാ മെത്രാൻ

---

**NB:- ഈ സർക്കുലർ 2021 ഒക്ടോബർ മാസം 3-ാം തീയതി ഞായറാഴ്ച എല്ലാ പളളികളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

## സർക്കുലർ
***Circular No.17/2021***
***Prot. No. 25288/2021***

*മാനന്തവാടി രൂപതാ ബുള്ളറ്റിനിലേക്ക് മാറ്റർ തരാൻ ഉത്തരവാദിത്വപ്പെട്ടവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്*

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,


നമ്മുടെ രൂപതയിലെ വിവിധ തലങ്ങളിൽ നടത്തപ്പെടുന്ന ശുശ്രൂഷകളുടെ റിപ്പോർട്ടുകൾ രൂപതാ ബുള്ളറ്റിനിൽ ഓരോ മാസവും പ്രസിദ്ധീകരിക്കാറുണ്ടല്ലോ. ഒരോ മാസവും കൃത്യ സമയത്ത് തന്നെ ബുള്ളറ്റിനിലേക്കുള്ള മാറ്റർ തയ്യാറാക്കി നല്കുന്ന എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു. മാനന്തവാടി രൂപതാ ബുള്ളറ്റിൻ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. സൗജന്യ നിരക്കിൽ പോസ്റ്റ് വഴി അയയ്ക്കാൻ അനുവാദവും ഉണ്ട്. എന്നാൽ ഈ സൗജന്യം ലഭിക്കണമെങ്കിൽ ബുള്ളറ്റിന് പരമാവധി 100 പേജുകൾ മാത്രമേ പാടുള്ളു എന്നതാണ് നിയമം. അതിൽ കൂടിയാൽ ഭീമമായ പോസ്റ്റേജ് കൊടുക്കേണ്ടി വരും. എല്ലാ മാസവും 30-ാം തീയതി രാവിലെ തന്നെ തലശ്ശേരി ഹെഡ് പോസ്റ്റോഫീസിൽ എത്തിക്കുകയും ചെയ്യണം. അതിനുശേഷമോ അതിനു മുമ്പോ അയക്കാൻ അനുവാദമില്ല.

അങ്ങനെ അവിടെ എത്തിക്കാൻ കഴിയണമെങ്കിൽ അതിനു രണ്ട് ദിവസം മുമ്പെങ്കിലും അച്ചടി പൂർത്തിയാക്കി മേൽവിലാസം ഒട്ടിച്ച റാപ്പരിനുള്ളിൽ ആക്കി പോസ്റ്റ് ചെയ്യാൻ തയ്യാറാകണം. ഈ കാര്യങ്ങളെല്ലാം പൂർത്തിയാക്കി 30-ാം തീയതി തലശ്ശേരിയിൽ എത്തിക്കാൻ കഴിയണമെങ്കിൽ ഓരോ മാസവും 20 ന് എങ്കിലും ടൈപ്പിംഗും എഡിറ്റിംഗും എല്ലാം പൂർത്തിയാക്കി അച്ചടി ആരംഭിക്കണം. അത് സാധ്യമാകണമെങ്കിൽ മാറ്റർ ഓരോ മാസവും 15 ന് മുമ്പെങ്കിലും പ്രസ്സിൽ കിട്ടേണ്ടത് അത്യാവശ്യമാണ്.

മാറ്റർ തയ്യാറാക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന കാര്യം മാറ്റർ കഴിവതും ദൈർഘ്യം കുറച്ച് തയ്യാറാക്കുക എന്നത്. പേജുകളുടെ എണ്ണം പരിധി കവിയാതിരിക്കാനും എല്ലാ റിപ്പോർട്ടുകളും ഉൾപ്പെടുത്താനും പറ്റിയ വിധത്തിൽ ദൈർഘ്യമേറിയ മാറ്റർ ഇവിടെ നിന്ന് എഡിറ്റ് ചെയ്യുന്നതാണ്. അക്കാര്യത്തിൽ ദയവായി ആരും അസഹിഷ്ണുത പ്രകടിപ്പിക്കരുത് എന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ഒരു പക്ഷേ മാറ്റർ തയ്യാറാക്കിയവർ ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെട്ടുവെന്ന് വരില്ല. അത് സംഭവിക്കാതിരിക്കണമെങ്കിൽ തരുന്നവർ തന്നെ ഹ്രസ്വമായും കൃത്യമായും മാറ്റർ തയ്യാറാക്കി വായിച്ച് തെറ്റുകൾ ഒന്നും ഇല്ലായെന്ന് ഉറപ്പുവരുത്തി തരേണ്ടതാണ്. ബന്ധപ്പെട്ട എല്ലാവരുടെയും സവിശേഷശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2021 സെപ്റ്റംബർ മാസം 20 ന് നല്കപ്പെട്ടത്.

യേശുവിൽ



\+ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതാ മെത്രാൻ

Ref: 3574/KCBC/K-35/OL/DS

# ലോക മിഷൻ ഞായർ 2021

ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല''*

*(അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്നനിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗ്ഗത്തെ ദൈവം എത്ര മാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, ഗാവുദിയും ഏത്ത് സ്പെസ്, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: ''നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക'' (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

**അപ്പസ്തോലന്മാരുടെ അനുഭവം**

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. ''അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു'' (യോഹ 1,39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേയ്ക്കു ക്ഷണിക്കുകയും പുതിയരീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജെറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf.യോഹ 20:7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ''ഞങ്ങൾ മിശിഹായെ കണ്ടു'' (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ

നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: ''സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്'' (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ,68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf.1യോഹ 4:19). ''കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല... ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം ''മിഷന്റെ അവസ്ഥയിൽ'' പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്'' (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിന് അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാ

വിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ''ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും'' എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷംപോലും എളുപ്പമുള്ളതല്ല. സർവ്വവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോ

ഷിക്കുന്നത് ''ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്'' (2 കോറി 4:5). ഇതുകൊണ്ടാണ് ''അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു'' (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാനിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചുനിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗ്ഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകൽച്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്'' (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. ''സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം'' (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും ''എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല'' എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്.

ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ.''യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനനാണ്'' അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല'' (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല'' (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ ''ഉത്തരവാദിത്വം വഹിക്കാനും'' അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. ''അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു'' (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കുപോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത ''ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു'' എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: ''ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോ

ടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും'' (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോ വർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും ''കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്'' (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും ''എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ'' ഭാഗമാണെന്ന്

സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf മത്താ 5:13-14).

റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ
**ഫ്രാൻസിസ് പാപ്പാ.**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

# പരസ്പരസ്നേഹവും ദൈവൈക്യവും

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: 1 യോഹ 4,1-21)**

ദൈവം സ്നേഹമാണെന്നും, ദൈവവുമായുള്ള ഐക്യത്തിന്റെ മാനദണ്ഡം പരസ്പരസ്നേഹമാണെന്നുമാണ് ഈ വചനഭാഗം വ്യക്തമാക്കുന്നത്. ഈ ഭാഗത്തെ താഴെക്കാണും വിധം വിഭജിക്കാം.

1. സത്യാത്മാവിനെ തിരിച്ചറിയുക (4,1-6)
2. സ്നേഹം: ദൈവൈക്യമാനദണ്ഡം (4,7-10)
3. പരസ്പരസ്നേഹവും ദൈവാനുഭവവും (4,11-16)
4. സ്നേഹവും ആത്മധൈര്യവും (4,17-18)
5. ദൈവസ്നേഹവും സഹോദരസ്നേഹവും (4,19-21)

ഈ വചനഭാഗം വിചിന്തനത്തിനു വിധേയമാക്കി പുരോഹിതരായ നമ്മുടെ ആദ്ധ്യാത്മികതയെ നമുക്കു പരിപോഷിപ്പിക്കാം.

1. സത്യാത്മാവിനെ തിരിച്ചറിയുക

''പ്രിയപ്പെട്ടവരേ, എല്ലാ ആത്മാക്കളെയും നിങ്ങൾ വിശ്വസിക്കരുത്; ആത്മാക്കളെ പരിശോധിച്ച്, അവ ദൈവത്തിൽനിന്നാണോ എന്നു വിവേചിക്കുവിൻ. പല വ്യാജപ്രവാചന്മാരും ലോകത്തിലെങ്ങും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം: ഈശോമിശിഹാ ശരീരം ധരിച്ചുവന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്. നാം ദൈവത്തിൽ നിന്നുള്ളവരാണ്. ദൈവത്തെ അറിയുന്നവൻ നമ്മുടെ വാക്കു ശ്രവിക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ നമ്മുടെ വാക്കു ശ്രവിക്കുന്നില്ല. ഇതുവഴി സത്യത്തിന്റെ ആത്മാവിനെയും അസത്യത്തിന്റെ ആത്മാവിനെയും നമുക്കു തിരിച്ചറിയാം'' (1 യോഹ 4,1-2,6).

വ്യാജപ്രവാചകന്മാരുടെ സാന്നിദ്ധ്യം സഭയിലുള്ള പശ്ചാത്തലത്തിൽ അരൂപികളെ വിവേചിച്ചറിയേതിന്റെ ആവശ്യകതയെക്കുറിച്ചാണ് യോഹന്നാൻ ശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നത്. വ്യാജപ്രവാചന്മാരിൽ പ്രവർത്തിക്കുന്ന അരൂപിയെ അന്തിക്രിസ്തുവിന്റെ അരൂപി എന്നു വിശേഷിപ്പിക്കുന്നു. യുഗാന്ത്യത്തിൽ പ്രത്യക്ഷപ്പെ

ടുമെന്നു കേട്ടിട്ടുള്ള അന്തിക്രിസ്തുവിന്റെ സാന്നിധ്യമാണ് ഈ പ്രവാചകരിൽ കാണേണ്ടതെന്ന് ഇവിടെ സൂചിപ്പിക്കുന്നു. മിശിഹാ യിലുള്ള സഭയുടെ വിശ്വാസത്തിനു വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നവരാണ് അവർ. അരൂപിയുടെ പ്രചോദനത്താൽ സംസാരിക്കുന്നവരാണല്ലോ പ്രവാചകർ. അന്തിക്രിസ്തുമാർ തങ്ങളിൽ അരൂപിയുടെ സാന്നി ദ്ധ്യവും പ്രവർത്തനവും അവകാശപ്പെടുന്നതുകൊണ്ട്, അവരെ വ്യാജപ്രവാചകന്മാരെന്നു വിശേഷിപ്പിക്കുന്നു. ഈ സാഹചര്യത്തി ലാണ്, അരൂപികളെ പരിശോധിച്ച് അവ ദൈവത്തിൽനിന്നാണോ എന്നു പരിശോധിക്കേണ്ടത് ആവശ്യമായി വന്നത്.

അരൂപിയെ വിവേചിച്ചറിയാൻ രണ്ടു മാനദണ്ഡങ്ങളാണ് ഇവിടെ എടുത്തുപറയുന്നത്. 1. ''ഈശോമിശിഹാ ശരീരം ധരിച്ചുവെന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്; ഈശോയെ ഏറ്റു പറയാത്ത ആത്മാവ് ദൈവത്തിൽനിന്നല്ല'' (4,2-3). 2. ''നമ്മുടെ വാക്കു ശ്രവിക്കുന്നവൻ ദൈവത്തെ അറിയുന്നവനാണ്; നമ്മുടെ വാക്കു ശ്രവിക്കാത്തവൻ ദൈവത്തിൽനിന്നല്ല'' (4,6). മിശിഹായുടെ മനുഷ്യാവതാരത്തെ നിഷേധിക്കുന്ന നിലപാട് സ്വീകരിച്ചിരിക്കു ന്നവരാണ് വ്യാജപ്രവാചകന്മാർ എന്ന് ഇതു സൂചിപ്പിക്കുന്നു. ഈശോയുടെ മനുഷ്യാവതാരം യഥാർത്ഥമായിരുന്നില്ലെന്നും, മാമ്മോദീസാ മുതൽ പീഡാനുഭവംവരെ പരസ്യജീവിതത്തിൽ മാത്രം ഒതുങ്ങിനിന്ന ദൈവത്വം മാത്രമായിരുന്നു ഈശോയുടേത് എന്നും വ്യാജപ്രവാചകന്മാർ പഠിപ്പിച്ചിരുന്നു. എന്നാൽ ദൈവ മായിരുന്ന ഈശോ മനുഷ്യാവതാരത്തിലൂടെ യഥാർത്ഥത്തിൽ ദൈവമനുഷ്യനായി എന്നും, അപ്രകാരം ഇന്നും എന്നും നിലനി ല്ക്കുന്നുവെന്നുമാണ് സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. സഭയുടെ ഈ വിശ്വാസം ഏറ്റുപറയാത്തവരും അതുപോലെ സഭയെ കേൾക്കാത്തവരും (4,6) ദൈവത്തിന്റെ അരൂപിയിലുള്ള വരല്ല എന്നാണ് യോഹന്നാൻശ്ലീഹാ പറയുന്നത്. ഇന്നും സഭയെ കേൾക്കാത്തവർ, പലതും ദൈവവചനമായി പഠിപ്പിക്കുന്നവർ, സഭ യിലുണ്ട്. അതുകൊണ്ട് അജപാലകരായ പുരോഹിതർ സഭയുടെ പ്രബോധനത്തിനു നിരക്കാത്തവിധം പ്രസംഗിക്കുകയും പഠിപ്പി ക്കുകയും ചെയ്യുന്നവർക്കെതിരെ ജാഗ്രതയോടെ വർത്തിക്കണം.

**2. സ്നേഹം: ദൈവൈക്യമാനദണ്ഡം**

‘‘പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്’’ (4,7-8).

പരസ്നേഹം ദൈവൈക്യത്തിന്റെ മാനദണ്ഡമായും, ‘ദൈവം സ്നേഹമാണ്’ എന്നത് അതിനടിസ്ഥാനമായും ഇവിടെ എടുത്തുപറയുന്നു. യോഹന്നാൻശ്ലീഹാ ദൈവത്തിനു കൊടുക്കുന്ന നിർവ്വചനങ്ങളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ‘ദൈവം സ്നേഹമാണ്’ എന്നുള്ളത്. ദൈവത്തിന്റെ ത്രിത്വാത്മക അസ്തിത്വത്തെ സൂചിപ്പിക്കുന്ന ഒന്നാണ് ഈ നിർവ്വചനം. സ്നേഹം സ്വയംദാനമുൾക്കൊള്ളുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം നൽകിക്കൊണ്ടുള്ള ഒരു നിത്യബന്ധത്തിലാണെന്ന് ഈ നിർവ്വചനം സൂചിപ്പിക്കുന്നു. പരസ്പരം നൽകുന്ന ദൈവത്തിന്റെ ഈ സ്നേഹം മനുഷ്യനായി അവതരിച്ച ഈശോമിശിഹായിലൂടെ മനുഷ്യകുലത്തിന് വെളിപ്പെടുത്തപ്പെടുകയും നൽകപ്പെടുകയും ചെയ്യുന്നു. ത്രിത്വൈകദൈവത്തിന്റെ ഈ പരസ്പരസ്വയംദാനത്തിൽ മനുഷ്യനെ പങ്കുചേർക്കുന്നത് പരിശുദ്ധാരൂപിയാണ്. പരസ്പരം സ്നേഹിക്കുക എന്നതാണ് ദൈവൈക്യത്തിന്റെ മാനദണ്ഡം. കാരണം സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. പരസ്പരസ്നേഹത്തിൽ നമ്മെ ബന്ധിപ്പിക്കുന്നത് ദൈവവുമായുള്ള നമ്മുടെ ഐക്യമാണ്. അരൂപിയിലൂടെ ദൈവത്തിന്റെ സ്നേഹത്തിൽ പങ്കുചേരുമ്പോൾ മാത്രമാണ് പരസ്പരം സ്നേഹിക്കുവാൻ നാം പ്രാപ്തരാകുന്നത്. അതുകൊണ്ടുതന്നെയാണ് പരസ്പരം സ്നേഹിക്കുക എന്നത് ദൈവവുമായുള്ള ഐക്യത്തിന്റെ അടയാളമാകുന്നത്.

ദൈവൈക്യത്തെ ഇവിടെ വീണ്ടും ദൈവത്തിൽനിന്നുള്ള ജനനമായും ദൈവത്തെ അറിയുന്ന അനുഭവമായും അവതരിപ്പിക്കുന്നു. യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ ‘ദൈവത്തെ അറിയുക’ എന്നത് ‘നിത്യജീവൻ സ്വന്തമാക്കുന്നതാണ്’: ‘‘ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും

അറിയുക എന്നതാണ് നിത്യജീവൻ'' (യോഹ 17,3). ദൈവത്തിന്റെ സ്നേഹം പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. പ്രത്യുത, അത് പുത്രനിലൂടെ മനുഷ്യർക്ക് വെളിപ്പെടുത്തപ്പെടുകയും പരിശുദ്ധാത്മാവിലൂടെ നൽകപ്പെടുകയും ചെയ്തു (4,9). തന്റെ സ്നേഹം നാമുമായി പങ്കുവച്ചുകൊണ്ടാണ് ദൈവം അവിടുത്തെ സ്നേഹം വെളിപ്പെടുത്തിയത്. മനുഷ്യരുടെ പാപപരിഹാരബലിയായി സ്വന്തം പുത്രനെ നൽകികൊണ്ടാണ്, അതായത്, 'സ്നേഹത്തിന്റെ മാക്സിമലിസം' നല്കിക്കൊണ്ടാണ് ദൈവം അതു നിർവ്വഹിച്ചത്. അതുകൊണ്ട് നാമും പരസ്പരം 'സ്നേഹത്തിന്റെ മാക്സിമലിസം' പങ്കുവച്ചുകൊണ്ട് ദൈവൈക്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്നേഹത്തിന്റ മാക്സിമലിസത്തെക്കുറിച്ച് അജപാലകർ ബോധവാന്മാരാകുകയും അജഗണങ്ങളെ ബോധവത്കരിക്കുകയും ചെയ്യണം.

**3. പരസ്പരസ്നേഹവും ദൈവാനുഭവവും**

''പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ ഒരുവനും ഒരിക്കലും കിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും. ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു'' (4,11-13).

നമുക്കു വെളിപ്പെടുത്തപ്പെടുകയും നമ്മിൽ ചൊരിയപ്പെടുകയും ചെയ്ത ദൈവസ്നേഹം നമ്മിൽനിന്നാവശ്യപ്പെടുന്നത് പരസ്പരസ്നേഹമാണ്. ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ ചൊരിയപ്പെടുമ്പോൾ ആ സ്നേഹം പങ്കുവയ്ക്കാൻ നാം നിർബന്ധിക്കപ്പെടും. ദൈവം തന്റെ അരൂപിയെ നമുക്കു നല്കിക്കൊണ്ടാണ് അവിടുത്തെ സ്നേഹം നമ്മിലേക്കു ചൊരിഞ്ഞത്. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇതിനെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്: ''നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു'' (റോമാ 5,5). ദൈവത്തിന്റെ സ്നേഹത്തിനു പ്രതിസ്നേഹം കൊടുക്കേണ്ട

കടപ്പാടും നമുക്കുണ്ട്. പരസ്പരം സ്നേഹിച്ചുകൊണ്ടാണ് നാം ഈ കടപ്പാട് നിറവേറ്റേത്. പരസ്പരസ്നേഹം ദൈവവുമായുള്ള സഹവാസത്തിലേക്കു നമ്മെ നയിക്കും (4,12). പരസ്പരം സ്നേഹിച്ചാൽ ദൈവത്തിന്റെ സ്നേഹം നമ്മിൽ പൂർണ്ണമാകും എന്നു യോഹന്നാൻശ്ലീഹാ പറയുന്നു. അതായത്, ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തിയതിന്റെ ലക്ഷ്യം പരസ്പരസ്നേഹത്തിലൂടെ നമ്മിൽ പൂർത്തിയാകും. തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിൽ രക്ഷാകരമായ ഒരു ലക്ഷ്യമാണ് ദൈവത്തിനുണ്ടായിരുന്നത്. പാപത്തിന്റെ ഫലമായി ചിതറിപ്പോയ മനുഷ്യകുലത്തെ ദൈവമക്കൾക്കടുത്ത സ്നേഹത്തിൽ ഒന്നിപ്പിക്കുക (യോഹ 11,51-52). നാം പരസ്പരം സ്നേഹത്തിൽ ഒന്നായിത്തീരുമ്പോൾ ദൈവത്തിന്റെ രക്ഷാകരലക്ഷ്യം പൂർത്തിയാകും.

'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല' എന്ന പ്രസ്താവന ഇവിടെ ആവർത്തിക്കുന്നുണ്ട് (4,12). ഇത് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ ദൈവവചനമായ ഈശോയെ അവതരിപ്പിക്കുമ്പോൾ നടത്തുന്ന പ്രസ്താവന തന്നെയാണ്. അവിടെ ഇപ്രകാരം പറയുന്നു: ''ദൈവത്തെ ആരും ഒരിക്കലും കിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്'' (യോഹ 1,18). ദൈവം 'അരൂപി'യായതുകൊണ്ട് (യോഹ 4,23) നമ്മുടെ ബാഹ്യമായ കണ്ണുകൾകൊണ്ട് കാണാനോ അനുഭവിക്കുവാനോ സാധിക്കുകയില്ല. അതുകൊണ്ടാണ് ത്രിയേകദൈവത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാൻ മനുഷ്യശരീരമെടുത്തു ലോകത്തിലേക്കുവന്ന് അശരീരിയായ ദൈവത്തെ നമുക്കു കാണിച്ചുതന്നത്. ദൈവപുത്രനായ അവിടുന്നു ദൈവത്തെ നമുക്കു കാണിച്ചുതന്നത് അനന്തമായ സ്നേഹമായിട്ടാണ്: ''തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3,16). അതുകൊണ്ട്, സ്നേഹത്തിന്റെ ജീവിതം നയിച്ചുകൊണ്ടുമാത്രമേ നമുക്കു ശരിയായ ദൈവാനുഭവം ഉൾക്കൊള്ളാൻ കഴിയൂ. ഈശോ തന്റെ ജീവിതത്തിലൂടെ അത് നമുക്കു കാണിച്ചുതരുകയും അപ്രകാരം ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്തു (യോഹ 13,34-35). അജപാലകരുടെ ശുശ്രൂഷയുടെ ആത്യന്തിക

ലക്ഷ്യം അജഗണങ്ങളെ പിതാവായ ദൈവത്തെയും, സഹോദരങ്ങളായ ദൈവമക്കളെ പരസ്പരവും, സ്നേഹിക്കുന്ന ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്.

**4. സ്നേഹവും ആത്മധൈര്യവും**

''വിധിദിനത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്തെന്നാൽ, ഈ ലോകത്തിൽത്തന്നെ നാം അവനെപ്പോലെ ആയിരിക്കുന്നു. സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം, ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല'' (4,17-18).

സ്നേഹത്തിന്റെ അദ്ധ്യാത്മികവശമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇവിടെ പരാമർശിക്കുന്ന ആത്മധൈര്യം, അന്ത്യവിധിയിൽ ദൈവസന്നിധിയിൽ നമുക്കു അനുഭവവേദ്യമാകുന്ന ഒന്നാണ്. പൂർണ്ണതപ്രാപിച്ച സ്നേഹമാണ് വിധിദിവസത്തിൽ ഈ ആത്മധൈര്യം നമുക്കു പ്രദാനം ചെയ്യുന്നത്. സ്നേഹം പൂർണ്ണത പ്രാപിച്ചു എന്നു പറയുമ്പോൾ, നമ്മിൽ അത് പൂർണ്ണത പ്രാപിച്ചു എന്ന അർത്ഥത്തിൽ മാത്രമല്ല, സ്നേഹം എന്തിനുവേണ്ടി ദൈവത്തിൽനിന്നും പുറപ്പെട്ടുവോ, ആ ലക്ഷ്യം പൂർത്തിയാക്കപ്പെട്ടു എന്ന അർത്ഥത്തിൽകൂടിയാണ് അത് മനസ്സിലാക്കേണ്ടത്. ദൈവത്തിൽ നിന്നും പുറപ്പെടുന്നതാണല്ലോ സ്നേഹം. മനുഷ്യനെ സ്നേഹത്തിൽ പൂർണ്ണനാക്കിക്കൊണ്ട് ആ സ്നേഹം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നു. അതുകൊണ്ട് നമ്മളും ദൈവം ആഗ്രഹിക്കുന്നതുപോലെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്ന് ദൈവത്തിൽ നിന്നും ലഭിച്ച കൃപയുടെ ലക്ഷ്യം പൂർത്തിയാക്കണം.

വിധിദിവസത്തിൽ നമുക്ക് ആത്മധൈര്യമുണ്ടാകുന്നതിനുള്ള മറ്റൊരുകാരണം സ്നേഹത്തിൽ ഭയത്തിനിടമില്ല എന്നതാണ്. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണ്. പൂർണ്ണമായ സ്നേഹം രക്ഷയുടെ അനുഭവമായതുകൊണ്ട്, ആ അവസ്ഥയിൽ ഭയത്തിനു സ്ഥാനമില്ല. അതുകൊണ്ട് ആത്മധൈര്യത്തോടെ നമുക്ക് അന്ത്യവിധിയെ നേരിടുവാൻ സാധിക്കും. സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുന്നതിന്റെ ഫലമായി മിശിഹായുടെ സാദൃശ്യത്തോട്

നാം അനുരൂപപ്പെടുന്നു. മിശിഹായുടെ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുക എന്നത് അദ്ധ്യാത്മികജീവിതാവസ്ഥയുടെ പ്രത്യേകതയാണ്: ''അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും'' (1 യോഹ 3,2). സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചവർക്ക് ഈ ലോകത്തിൽത്തന്നെ മിശിഹായോട് അനുരൂപപ്പെട്ട അവസ്ഥയിലായിരിക്കുന്നതുകൊണ്ട് ആത്മധൈര്യത്തോടെ അന്ത്യവിധിയെ നേരിടുവാൻ കഴിയും. അജപാലകരായ വൈദികർക്ക് ഈ ആത്മധൈര്യത്തോടെ അവരുടെ ശുശ്രൂഷ നിർവ്വഹിക്കുവാനും തങ്ങളുടെ അജഗണങ്ങളെ ഇപ്രകാരം ആത്മധൈര്യത്തോടെ അന്ത്യവിധിയെ നേരിടുവാൻ പരിശീലിപ്പിക്കുവാനും കഴിയണം.

**5. ദൈവസ്നേഹവും സഹോദരസ്നേഹവും**

''ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. മിശിഹായിൽനിന്നു ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം'' (4,20–21).

നാം പരസ്പരം സ്നേഹിക്കുന്നത്, ദൈവം നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടാണ്. മനുഷ്യപ്രകൃതി പാപബദ്ധമായതുകൊണ്ട് സ്വയംപ്രേരിതമായി പരസ്പരം സ്നേഹിക്കാൻ മനുഷ്യർക്കാവില്ല. ദൈവത്തിന്റെ സ്നേഹത്തിനുപയോഗിക്കുന്ന വാക്ക് 'അഗാപ്പേ' എന്നാണ്. നാം പരസ്പരം സ്നേഹിക്കണം എന്നു പറയുമ്പോഴും ഈ വാക്കിന്റെ ക്രിയാപദമായ 'അഗാപ്പെയിൻ' ആണ് ഉപയോഗിക്കുന്നത്. കിട്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന നിസ്വാർത്ഥമായ സ്നേഹമാണിത്. ദൈവസഹജമായ ഈ സ്നേഹം പ്രാവർത്തികമാക്കാൻ മനുഷ്യനു സ്വയമേവ സാധ്യമല്ല. അതുകൊണ്ട് ദൈവസ്നേഹത്താൽ അഥവാ ദൈവാരൂപിയാൽ പ്രചോദിതരായി മാത്രമേ മനുഷ്യർക്ക് ദൈവത്തെയും പരസ്പരവും സ്നേഹിക്കാനാവൂ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ

സാദ്ധ്യമല്ല (4,20). ഇത് മനഃശാസ്ത്രപരമായ ഒരു പ്രസ്താവനയല്ല. മനഃശാസ്ത്രപരമായി, കാണാവുന്ന സഹോദരനേക്കാൾ കാണാൻ പാടില്ലാത്ത ദൈവത്തെ സ്നേഹിക്കുകയാവും എളുപ്പം. കാരണം, സഹോദരന്റെ കുറ്റങ്ങളും കുറവുകളും നിരന്തരം നാം കണ്ടുകൊണ്ടി രിക്കുന്നു. അതുകൊണ്ട് ഇതു ദൈവശാസ്ത്രപരമായ ഒരു പ്രസ്താവനയാണ്. ദൈവസ്നേഹത്തിലേക്കുയരാൻ മനുഷ്യനു സ്വയമേവ സാധിക്കയില്ല. ദൈവത്തെ സ്നേഹിക്കുവാൻ കഴിവു നല്കുന്നത് ദൈവാരൂപിയാണ്. അപ്രകാരം ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവം തരുന്ന എല്ലാ മനുഷ്യരെയും സ്നേഹിക്കും.

ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നത് ദൈവം തന്നെ നല്കിയ ഒരു കല്പനയുമാണ്: ''മിശിഹായിൽനിന്ന് ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം'' (4,21). ഈ പ്രസ്താവന മർക്കോസ് 12,28-31 നെ അനുസ്മരിപ്പിക്കുന്നതാണ്: ''ഇതാണ് ഒന്നാമത്തെ കല്പന: നീ നിന്റെ ദൈവമായ കർത്താവിനെ ....സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക''. ഇവിടെ ഈശോ പഴയനിയമത്തിലെ ദൈവസ്നേഹത്തിന്റെ കല്പനയും (നിയമ 6,4-5) പരസ്നേഹത്തിന്റെ കല്പനയും (ലേവാ 19,18) തമ്മിൽ യോജിപ്പിച്ച്, എല്ലാറ്റിലും പ്രധാനപ്പെട്ട കല്പനയായി അവതരിപ്പിക്കുകയാണ്. യോഹന്നാൻശ്ലീഹാ ഇവിടെ രണ്ടു കല്പനകളെപ്പറ്റി പറയുന്നില്ല. ഈശോയുടെ ഏക കല്പന ദൈവസ്നേഹവും പരസ്നേഹവും ഉൾക്കൊള്ളുന്നതാണ്. പ്രായോഗികമായി പ്രാമുഖ്യമുണ്ടെങ്കിൽ അത് പരസ്നേഹത്തിനുമാണ്. മാത്രമല്ല ഇവിടെ 'അയൽക്കാരൻ' എന്നതിനുപകരം 'സഹോദരൻ' എന്ന പദമാണുപയോഗിക്കുന്നത്. അതുകൊണ്ട് സഭാസമൂഹത്തിൽ പ്രായോഗികമാക്കേണ്ട സഭാകൂട്ടായ്മയെയാണ് ഉദ്ദേശിക്കുന്നത്. അജപാലകരായ വൈദികർ സഭാസമൂഹത്തെ ഒരു സാഹോദര്യകൂട്ടായ്മയായി കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ ഊന്നിപ്പറയുന്നത്.

**ജീവിതസൂചിക**

1. സഭയുടെ ശ്ലൈഹികപ്രബോധനത്തിനനുസൃതമായി വിശ്വാ

സികളെ പഠിപ്പിക്കുവാനും അതിനു വിരുദ്ധമായ പ്രബോധനങ്ങൾക്കെതിരെ ജാഗ്രത പുലർത്തുവാൻ അവരെ ഓർമ്മിപ്പിക്കുവാനും ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?

2. സ്നേഹത്തിന്റെ 'മാക്സിമലിസ'മാണ് വിശുദ്ധി എന്ന കാഴ്ചപ്പാട് ജീവിതത്തിൽ ഉൾക്കൊള്ളുവാനും വിശ്വാസികൾക്കു നല്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

3. സഭയെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്ന ഒരു കുടുംബമായി കെട്ടിപ്പടുക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?

4. അന്ത്യവിധിയെ ആത്മധൈര്യത്തോടെ നേരിടുവാൻ തക്കവിധം ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

5. എന്റെ ശുശ്രൂഷക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന സഭാസമൂഹത്തെ ഒരു സാഹോദര്യകൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാമികതയിൽ വളരുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലികൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 17**

ഒക്ടോബർ മാസം 17-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം ശക്തിപ്പെടുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാകട്ടെ.

**അനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും, നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

**"ശൈശവ മതാധ്യാപകദിനം, നവം. 7**

സ്നേഹംനിറഞ്ഞ മതാധ്യാപകരെ,

'പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കുന്നതിനനുസരിച്ച് ഉജ്ജ്വലിക്കുകയെന്നത് വിശ്വാസത്തിന്റെ സ്വഭാവമാണ്' എന്ന് മതാധ്യാപകരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബോറോമിയോ പ്രസ്താവിക്കുന്നു. കാലഘട്ടത്തിന്റെ ആരോഗ്യപരവും, സാമൂഹ്യപരമായ പ്രതിബന്ധങ്ങളെ തരണം ചെയ്ത് വിശ്വാസജീവിതത്തെ ഉജ്വലിപ്പിക്കുന്ന മാനന്തവാടി രൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു. മതാധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബോറോമിയോയുടെ തിരുന്നാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് നമ്മൾ മതാധ്യാപകദിനമായി ആചരിക്കുന്നത്. നിങ്ങളുടെ സന്മനസ്സിനെയും ത്യാഗത്തെയും പ്രേഷിതാഗ്നിയേയും സ്നേഹത്തോടെ ആദരിക്കുകയും അനുമോദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഇടവകയിലെ പ്രഥമ മതാധ്യാപകനായ എല്ലാ ബഹു. വികാരിയച്ചന്മാർക്കും സഹവികാരിമാർക്കും പ്രധാന അധ്യാപകർക്കും രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന രൂപതയിലെ എല്ലാ മതാധ്യാപകർക്കും മേഖലഡയറക്ടർ അച്ചന്മാർക്കും, മേഖല സെക്രട്ടറിമാർ, ടീമംഗങ്ങൾ, രൂപത ടീമംഗങ്ങൾ എന്നിവർക്കും മതാധ്യാപകദിനത്തിന്റെ ആശംസകൾ നേരുന്നു.

**ബഹു. വേനക്കുഴിയിൽ ഷിജോ അച്ചന് നന്ദിയും വിജയാശംസകളും**

ഉപരി പഠനത്തിനുവേണ്ടി വിദേശത്തേക്ക് യാത്രയായിരിക്കുന്ന ബഹുമാനപ്പെട്ട വേനകുഴിയിൽ ഷിജോ അച്ചന് മതബോധന കേന്ദ്രത്തിന്റെ വിജയാശംസകൾ. 2021 സെപ്റ്റംബർ 19 ന് അച്ചൻ

റോമിലെത്തി. റോമിലെ സലേഷ്യൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിലാണ് അച്ചൻ  പഠനം നടത്തുന്നത് . കഴിഞ്ഞ ഫെബ്രുവരി മാസംമുതൽ മതബോധനകേന്ദ്രത്തിന്റെ  അസിസ്റ്റന്റ് ഡയറക്ടറായി ആത്മാർത്ഥമായി സേവനം ചെയ്ത ബഹുമാനപ്പെട്ട ഷിജോ അച്ചന്  ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. അച്ചന്റെ പഠനമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

കോവിഡിന്റെ വർത്തമാനകാലം നമ്മുടെ പ്രേഷിതയത്നങ്ങൾക്കെല്ലാം  പുതിയ രൂപവും ഭാവവും നൽകി. ഓൺലൈൻ സങ്കേതങ്ങളെ ഒരുമയുടെ സാധ്യതകൾ ആക്കി മാറ്റാൻ സംഘടനയുടെ വിവിധ തലങ്ങളിൽ കൂട്ടായ പരിശ്രമം ഉണ്ടായതിനാൽ നമ്മുടെ പ്രവർത്തനങ്ങൾ സജീവമായി തന്നെ തുടരുന്നു. സ്നേഹ ത്യാഗ സേവന സഹന മൂല്യങ്ങളുടെ പ്രകാശമുള്ള ഏഴര പതിറ്റാണ്ടുകളുടെ പ്രവർത്തന ചരിത്രം നാം സ്വന്തമാക്കിയത് ഈ കൂട്ടായ്മയിലൂടെ ആണ്. ഇത് ഇനിയും കൂടുതൽ വളരാൻ നമുക്ക് കൈകോർക്കാം.

നമ്മുടെ സംഘടന പ്രേഷിത ചരിത്രത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിലേയ്ക്ക് 2021 ഒക്ടോബർ 03 ന് പ്രവേശിക്കുകയാണ്. അന്നേദിവസം എല്ലാ ശാഖകളും ജൂബിലി സമാരംഭ സമ്മേളനം ഓഫ്ലൈനായോ ഓൺലൈനായോ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ജൂബിലി പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ഭാരവാഹികളെ സഹായിക്കാനായി മുൻകാല ഭാരവാഹികൾ, സീനിയർ അംഗങ്ങൾ, എന്നിവരെ ഉൾപ്പെടുത്തി ജൂബിലി കർമ്മസേനയുടെ രൂപീകരണം ശാഖാ, മേഖലാ തലങ്ങളിൽ ക്രമീകരിക്കുന്നത് ഉചിതമാണ്. മാനദണ്ഡങ്ങൾ എല്ലാം പാലിച്ച് ഒരു ജൂബിലി വിളംബര പരിപാടി ശാഖകളുടെയും മേഖലകളുടെയും സാഹചര്യം പരിഗണിച്ച് ക്രമീകരിക്കുന്നത് നല്ലതായിരിക്കും. മിഷൻമാസം മിഷൻലീഗ് കുടുംബം പ്രേഷിതോത്സാഹത്താൽ ധന്യമാകണം. നമ്മുടെ ഇടവകയിലും പരിസരങ്ങളിലുമെല്ലാം ക്രിസ്തുവിന്റെയും സംഘടനാശക്തിയുടേയും ചൈതന്യം ഒരുപോലെ പ്രസരിപ്പിക്കുവാൻ നാം ഉപകരണങ്ങളാകണം. അപ്പോൾ നമുക്ക് പകർന്നു കിട്ടുന്ന ഊർജ്ജം ലോകമെങ്ങും സുവിശേഷ സാക്ഷ്യമേകുവാനുള്ള വിളിയിൽ വളരുവാൻ നമ്മെ പ്രാപ്തരാക്കും. തീക്ഷ്ണയുള്ള പ്രേഷിതത്വത്തിന്റെ ഉജ്ജ്വല മാതൃകകളുണ്ടാവട്ടെ എന്ന ആശംസകളോടെ ജൂബിലി നിറവിൽ

മുന്നേറാം നമുക്ക് പ്രേഷിതരായ്.

സ്നേഹത്തോടെ,

**ഷിജു അച്ചൻ**

**2021 –ഒക്ടോബർ :** ക്രിസ്തു ദൈവത്തിന്റെ സുവിശേഷം
**പ്രാർത്ഥന മലരുകൾ :** 75 എത്രയും ദയയുള്ള മാതാവേ
**മിഷൻ പ്രയർബാങ്ക് :** മാണ്ഡ്യ രൂപത (നിലമ്പൂർ മേഖലയിലെ ശാഖകൾ)
**സുകൃത ജപം :** ഈശോയേ എന്നെ നിന്റെ സാക്ഷിയാക്കണമേ

**പ്രേഷിതാവേശത്തോടെ പ്രേഷിത വീഥിയിൽ**

ഒരു ജീവിത ശൈലിയായ മിഷൻലീഗ് എന്ന സംഘടനയെ നെഞ്ചിലേറ്റി സംഘടനയ്ക്കൊപ്പം നടന്ന് സംഘടനയോടൊപ്പം വളർന്ന അനേകായിരം പ്രേഷിതരുടെ ത്യാഗോജ്ജ്വലമായ കർമ്മ തീക്ഷ്ണതയാണ് സംഘടനയെ വളർത്തിയത്. ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിക്കായി ഒരുങ്ങുമ്പോൾ ജൂബിലി കൗണ്ട് ടൗൺ എന്ന പേരിൽ ഒക്ടോബർ 3 വരെയുള്ള 75 ദിനങ്ങളിൽ സംഘടനയിലൂടെ വളർന്ന് ഇന്ന് ജീവിതത്തിന്റെ വിവിധ തുറകളിലായിരിക്കുന്ന അൽമായ പ്രേഷിതർ സംഘടനയെ ഓർത്തെടുത്ത് തങ്ങളുടെ അനുഭവത്തിലെ മിഷൻലീഗ് എന്ന സംഘടനയെ പറ്റി ഓരോ ദിവസവും പങ്കുവയ്ക്കുന്ന പ്രോഗ്രാമാണ് 'പ്രേഷിതാവേശത്തോടെ പ്രേഷിത വീഥിയിൽ'.

**'വിളക്കുമരങ്ങളുടെ കാവൽക്കാർ'**

അധ്യാപക ദിനത്തിനോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിളക്കുമരങ്ങളുടെ കാവൽക്കാർ എന്ന പേരിൽ ഭിന്നശേഷി വിദ്യാലയദ്ധ്യാപകരുടെ സംഗമവും ആദരിക്കലും മാനന്തവാടി രൂപത വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനയിൽ സ്വാഗതം പറഞ്ഞ മീറ്റിംഗിൽ രെഞ്ചിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രമുഖ മോട്ടിവേഷണൽ സ്പീക്കറും രൂപത എക്സിക്യൂട്ടീവ് അംഗവുമായ തോമസ് കല്ലറയ്ക്കൽ മുഖ്യപ്രഭാക്ഷണം നടത്തിയ സംഗമത്തിൽ 8 സ്പെഷ്യൽ സ്കൂളിൽ നിന്നായി 100 ഓളം അദ്ധ്യാപകർ പങ്കെടുത്തു.

**'കരുണയുടെ തീരത്ത്'**

കരുണയുടെ മാലാഖയായ വി. മദർ തെരേസായുടെ തിരുനാളിനോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി

രൂപതയുടെ നേതൃത്വത്തിൽ 'കരുണയുടെ തീരത്ത്' എന്ന പദ്ധതി സി.എം.എൽ.ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനയിൽ ഉദ്ഘാടനം ചെയ്തു. മിഷൻലീഗിന്റെ മുൻകാല പ്രവർത്തകരുടെയും ഭാരവാഹികളുടെയും സഹകരണത്തോടെ തുടർച്ചയായി മൂന്നാം വർഷമാണ് വയനാട്ടിലെ എല്ലാ അഗതി മന്ദിരത്തിലും ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നത്. ഈ പദ്ധതിയുടെ ഈ വർഷത്തെ ആദ്യവിതരണമാണ് മാനന്തവാടിയിലെ സെന്റ് ആൻസ് അഗതി മന്ദിരത്തിൽ നടത്തിയത്.

**ഡയറക്ടേർസ് ഡേ ആചരണവും വെബിനാറും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സ്ഥാപക ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് മലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണ ദിനം 'ഡയറക്ടേർസ് ഡേ' ആയി ആചരിച്ചു. രൂപത-മേഖല- ശാഖ തലങ്ങളിൽ ചെറുപുഷ്പ മിഷൻലീഗിനെ നയിക്കുന്ന, പ്രേഷിത പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന എല്ലാ വൈദീകരെയും ഈ ദിനത്തിൽ ആദരിച്ചു. രൂപത മേഖല ശാഖ ഭാരവാഹികൾ വിവിധ ഇടങ്ങളിൽ ഡയറക്ടേഴ്സ് ദിനത്തിന് നേതൃത്വം നൽകി. അന്നേദിനം സംസ്ഥാന സമിതി സംഘടിപ്പിച്ച വെബിനാറിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ഫാ.ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ ക്വിസ്സ്**

സ്ഥാപക ഡയറക്ടർ ആയ മാലിപ്പറമ്പിൽ അച്ചനെ പറ്റി വളർന്നു വരുന്ന തലമുറ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി രൂപത സംഘടിപ്പിച്ച ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ ക്വിസ്സിൽ, A വിഭാഗത്തിൽ ജോബിൻ ജോസ് മറ്റത്തുമനാൽ (പാടിച്ചിറ), ആൻ എലിസബത്ത് പ്ലാവനാക്കുഴി (നരിവാലമുണ്ട), മെബിൻ ആന്റണി ഓലിപറമ്പിൽ (തരിയോട്) എന്നിവരും B വിഭാഗത്തിൽ ജോയേൽ മരങ്ങാട്ടിൽ (പുതുശ്ശേരി), ഏയ്ഞ്ചൽ മരിയ അറക്കൽ (അമ്പലവയൽ), അന്ന മരിയ അറക്കൽ (അമ്പലവയൽ) എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദങ്ങൾ

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം**

സത്യവിശ്വാസം സംരക്ഷിക്കുന്നതിനായി ജീവൻ വെടിഞ്ഞ രക്തസാക്ഷികളെ ഓർത്തുകൊണ്ടു ചെറുപുഷ്പ

മിഷൻലീഗിന്റെ ശാഖ മേഖല രൂപത തലങ്ങളിൽ ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനമായ ആഗസ്റ്റ് 28 ന് രാത്രി 07.00 മണി മുതൽ 08.00 മണി വരെ പ്രാർത്ഥനാ മണിക്കൂറായി ആചരിച്ചു.

**പ്രേഷിതസൗഹൃദം-രൂപത മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ മേഖല ഭാരവാഹികളുടെ സംഗമം സംഘടിപ്പിച്ചു. മിഷൻലീഗിന്റെ മേഖല പ്രവർത്തനങ്ങൾക്ക് മാർഗ്ഗദീപങ്ങളായി നിലകൊള്ളുന്നവരുടെ സംഗമം കൽപ്പറ്റ മേഖല ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. 100 ഓളം മേഖല ഭാരവാഹികൾ പങ്കെടുത്ത പ്രേഷിത സൗഹൃദവേദിയിൽ 2019-20 വർഷത്തെ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, മിഷൻ സ്റ്റാർ പുരസ്കാരം നേടിയ മേഖലകളെയും ശാഖകളെയും  ആദരിച്ചു.

**പ്രേഷിതക്കൂട്ട്-രൂപത കൗൺസിൽ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ ശാഖാ  ഭാരവാഹികളുടെ സംഗമം സംഘടിപ്പിച്ചു. മിഷൻലീഗിന്റെ ശാഖ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദീപങ്ങളായി നിലകൊള്ളുന്നവരുടെ സംഗമം ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മുൻ ഡയറക്ടറും മുൻ സംസ്ഥാന ഡയറക്ടറുമായ അബ്രഹാം നാടുകുന്നേൽ അച്ചൻ ഉദ്ഘാടനം ചെയ്തു. പ്രേഷിത തീക്ഷ്ണതയോടെ കർമ്മ നിരതരാകുന്ന 500 ലേറെ ശാഖാഭാരവാഹികൾ പ്രേഷിത കൂട്ടിൽ പങ്കുചേർന്നു.

**പ്ലാറ്റിനം ജൂബിലി ബാനർ പ്രകാശനം ചെയ്തു**

ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ചു ദേവാലയത്തിൽ ഒരു വർഷം പ്രദർശിപ്പിക്കേണ്ട ജൂബിലി ബാനർ മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പ്രകാശനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എഫ്. സി. സി., എക്സിക്യൂട്ടീവ് അംഗങ്ങളായ സിനീഷ് ആപ്പുഴ, ടോണി ചെമ്പോട്ടിക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

**ജൂബിലി കൂടാരം**

ഇടവക ദേവാലയത്തിന്റെ മുൻപിലായി ഒരു ജൂബിലി കൂടാരം നിർമ്മിച്ച് ഒരു വർഷത്തേയ്ക്ക് പരിപാലിക്കുന്നത് ജൂബിലി ആഘോ

ഷത്തിന് മിഴിവേകും. കൂടാരം സെപ്റ്റംബർ അവസാനവാരത്തോടുകൂടി നിർമ്മിക്കാൻ ശ്രദ്ധിക്കുമല്ലോ?

**മിഷണറി സംഗമം**

മാനന്തവാടി രൂപത അംഗങ്ങൾ ആയ വൈദീകരും സന്യസ്തരും കേരളത്തിന് പുറത്തും ഇന്ത്യക്ക് പുറത്തുമായി മിഷൻ പ്രവർത്തനം നടത്തുന്നവരുണ്ട്. ഈ മിഷണറിമാരെ നമ്മൾ ഒരുമിച്ചു കൂട്ടുകയാണ്. അവരുടെ ഒരു ഓൺലൈൻ കൂട്ടായ്മ രൂപത തലത്തിൽ രൂപീകരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി ഒരു വിവരശേഖരണ ഗൂഗിൾ ഫോം നൽകുന്നതാണ്. ശാഖ ഭാരവാഹികൾ ഒക്ടോബർ 30 ന് മുൻപ് വിവരങ്ങൾ നൽകേണ്ടതാണ്.

**മിഷൻമാസ ഉദ്ഘാടനം**

രൂപത തല മിഷൻമാസ ഉദ്ഘാടനം 2021 സെപ്റ്റംബർ 26 ഞായറാഴ്ച രാവിലെ 10:30 ന് ചെറുകാട്ടൂർ ശാഖയിൽ വച്ച് നടവയൽ മേഖലയുടെയും ചെറുകാട്ടൂർ ശാഖയുടെയും സഹകരണത്തോടെ നടത്തുന്നു.

**'ഗർഷോം' - പ്രവാസി കൂട്ടായ്മ**

ശാഖ മേഖല രൂപതാ തലത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന പലരും ഇന്ന് പ്രവാസികളായി കഴിയുന്നുണ്ട്. അവരിൽ ഒട്ടുമിക്കവരും ഇപ്പോഴും തങ്ങൾ മിഷൻലീഗുകാരാണെന്ന അഭിമാനകരമായ ഓർമ്മ സൂക്ഷിക്കുന്നുമുണ്ട്. അവരുടെ ഒരു ഓൺലൈൻ കൂട്ടായ്മ ശാഖാ തലത്തിൽ രൂപീകരിക്കുക എന്നതാണ് 'ഗർഷോം' എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു വിവരശേഖരണ ഗൂഗിൾ ഫോം നൽകുന്നതാണ്. ശാഖ ഭാരവാഹികൾ ഒക്ടോബർ 15 ന് മുൻപ് വിവരങ്ങൾ നൽകേണ്ടതാണ്. ഉജ്ജ്വലമായ പ്രേഷിത ഭാവമുള്ളവരുടെ ആശയങ്ങളും കഴിവുകളും സംഘടനയ്ക്കായി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.പ്രവാസികളുടെ ഓൺലൈൻ സംഗമം നവംബർ മാസത്തിൽ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്.

## Digital Mission Manuel

നവ സാങ്കേതിക വിദ്യയുടെ കാലത്തു സേഷ്യൽ മീഡിയായിൽ ക്രൈസ്തവ മൂല്യങ്ങൾ പങ്കുവെക്കുന്ന വിശുദ്ധരായ പ്രേഷിതരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നാം അവതരിപ്പിക്കുന്ന പ്രവർത്തനമാണ് 'ഡിജിറ്റൽ മിഷൻ മാനുവൽ'. ഇത് നിലവി

ലുള്ള നമ്മുടെ മാനുവൽ ബുക്കിന് പകരമല്ല മറിച്ച് മാനുവൽ ബുക്കിന്റെ നന്മയെ ഡിജിറ്റൽ യുഗത്തിലെ സാധ്യതയായി ഉപ യോഗപ്പെടുത്തുകയാണ്. 2021 ഒക്റ്റോബർ 1 മുതൽ ഇത് ആരം ഭിക്കുന്നു.

**CML 75 - പ്ലാറ്റിനം ജൂബിലി ആഘോഷം**

നമ്മുടെ സംഘടന പ്രേഷിത ചരിത്രത്തിന്റെ എഴുപത്തി യഞ്ചാം വർഷത്തിലേക്ക് 2021 ഒക്ടോബർ 03 ന് പ്രവേശിക്കുകയാണ്. ഒക്ടോബർ 03 ന് മുൻപ് കോവിഡ് മാനദണ്ഡങ്ങൾ എല്ലാം പാലിച്ച് ഒരു ജൂബിലി വിളംബര പരിപാടി ശാഖ മേഖലകളുടെ സാഹചര്യം പരിഗണിച്ച് ക്രമീകരിക്കേണ്ടതാണ്.

**1-ദീപശിഖ രൂപതയിലേക്ക്**: ഭരണങ്ങാനത്ത് തെളിച്ച ദീപശി ഖയിൽ നിന്നും സംസ്ഥാനത്തെ എല്ലാ രൂപത പ്രസിഡന്റ്മാർക്കും ജൂബിലി ദീപം കൈമാറുന്നു.

**2-ദീപശിഖ മേഖലകളിൽ**: അതാത് രൂപതകളിൽ എത്തുന്ന ദീപശിഖ ഒക്ടോബർ 01 വെള്ളിയാഴ്ച കത്തീഡ്രൽ ദേവാലയ ത്തിൽവച്ച് മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ 13 മേഖലകളിലേയും പ്രസിഡന്റുമാർക്ക് കൈമാ റുന്നു.

**3-ദീപശിഖ ശാഖകളിലേക്ക്**: മേഖലകളിൽ എത്തുന്ന ദീപശിഖ ഏതെങ്കിലും യുക്തമായ ഒരുദിവസം മേഖലയിലെ മുഴുവൻ ശാഖ പ്രസിഡന്റ് മാർക്കും കൈമാറുന്നു.

**4-ദീപശിഖ ഭവനങ്ങളിലേക്ക്:** ഒക്ടോബർ മൂന്നാം തീയതി ഞായ റാഴ്ച ശാഖകളിൽ വി. കുർബാനയും, രൂപതയിൽ നിന്നും ലഭിച്ച ദീപശിഖ തെളിയിച്ച് ജൂബിലി വർഷ ഉദ്ഘാടനവും നടത്തുന്നു. ശാഖകളിൽ നിന്ന് ലഭിക്കുന്ന ദീപശിഖ ഭവനങ്ങളിൽ കുടുംബ പ്ര ാർത്ഥനയുടെ സമയത്ത് തെളിക്കുന്നു.

**5-ജൂബിലി ഉദ്ഘാടനം:** ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രൂപത തല പ്ലാറ്റിനം ജൂബിലി ഉദ്ഘാ ടനം 2021 ഒക്ടോബർ 3-ാം തീയ്യതി ഞായറാഴ്ച 10:30 ന് ഒണ്ടയ ങ്ങാടി ശാഖയിൽ വച്ച് നടത്തപ്പെടുന്നു.

**മേഖല വാർത്തകൾ:-**

**ചുങ്കക്കുന്ന് മേഖല**

ആഗസ്റ്റ് 1ന് ജീവന്റെ വിലയെക്കുറിച്ചുള്ള വെബിനാർ നടന്നു. റവ. ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ, ശ്രീ. അനിൽ

നല്ലൂർ എന്നിവർ ക്ലാസെടുത്തു. വിയാനി ദിനത്തിൽ മേഖലയിലെ വിവിധ ശാഖകളിലെ വൈദികർക്ക് ആശംസകൾ അറിയിച്ചു. അന്നേദിനം ദൈവവിളി പ്രോത്സാഹനാർത്ഥം വെബിനാർ നടന്നു. ഡീക്കൻ അജയ് തേക്കിലക്കാട്ടിൽ ക്ലാസ് എടുത്തു. സ്വാതന്ത്ര്യദിനവും, മാതാവിന്റെ സ്വർഗ്ഗാരോപണവും എന്ന വിഷയത്തിൽ ആഗസ്റ്റ് 15 ന് പ്രസംഗ മത്സരം സംഘടിപ്പിച്ചു. ഓണത്തോടനുബന്ധിച്ച് ശാഖകളിലെ കുടുംബങ്ങൾക്ക് വേണ്ടി ഓണപ്പാട്ട് മത്സരം സംഘടിപ്പിച്ചു.

**ദ്വാരക മേഖല**

കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തോടനുബന്ധിച്ച് മേഖല,ശാഖ ഭാരവാഹികളെ മേഖല തലത്തിൽ ഒരുമിച്ചു കൂട്ടി എല്ലാവരേയും അഭിനന്ദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.ആഗസ്റ്റ് 15ന്റെ ആശംസകൾ അറിയിച്ചു കൊണ്ട് വിവിധ ശാഖകളിൽ നിന്നുള്ള മിഷണറിമാർ വീഡിയോ തയ്യാറാക്കി. വളർന്നുവരുന്ന കുഞ്ഞു മിഷണറിമാർക്ക് വേണ്ടിയുള്ള പ്രസംഗപരിശീലനത്തിന് ആരംഭം കുറിച്ചു. എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി എട്ടു ദിവസങ്ങൾ ഓരോ ശാഖകൾക്കും പ്രത്യേക പ്രാർത്ഥന ദിവസമായി ഏൽപ്പിച്ചു കൊടുത്തു. ശാഖകളിലെ ജോയിൻറ് ഡയറക്ടർ, പ്രസിഡൻറ്, സെക്രട്ടറി എന്നിവരുടെ സംയുക്ത സമ്മേളനം നടത്തി. പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് മരിയൻ സന്ദേശമത്സരം നടത്തി. മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണവും ഡയറക്ടേഴ്സ് ഡേയും ആഘോഷിച്ചു. മാലിപ്പറമ്പിൽ അച്ചന്റെ ചരിത്രവും ജീവിത വഴികളും എന്ന വിഷയത്തെ ആസ്പദമാക്കി വീഡിയോ ക്രിയേഷൻ മത്സരം നടത്തി.

**നടവയൽ മേഖല**

ജെ.ബി കോശി കമ്മീഷന് നിവേദനം നൽകി. വൈദിക ദിനത്തിൽ വൈദികരുമായി അഭിമുഖസംഭാഷണം നടത്തി. ആശംസകൾ നേർന്നു. സ്റ്റോപ്പ് അബോർഷൻ സെമിനാർ നടത്തി. കുഞ്ഞേട്ടൻ അനുസ്മരണം ദിനത്തിൽ സംഘടനയുടെ എല്ലാ തലങ്ങളിലുമുള്ള ഭാരവാഹികൾക്ക് ആശംസകൾ നേർന്നു. കർഷകദിനത്തിൽ കർഷകരെ ആദരിച്ചു. കുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി. അൾത്താര ബാലിക-ബാലന്മാർക്ക് സെമിനാർ നടത്തി. മാനന്തവാടി രൂപത മുൻ ഡയറക്ടർ സോണി അച്ചനുമായി സൗഹൃദ സംഭാഷണം നടത്തി. വി. ആഗസ്തിനോസ്,

എവുപ്രാസ്യാമ്മ, വി.മോനിക്ക, വി. മാക്സിമില്യൻ കോൾബെ, വി.ജോൺ ബർക്കുമാൻസ്, വി.ക്ലാര, കുഞ്ഞേട്ടൻ, വി.ജോൺ മരിയ വിയാനി, തുടങ്ങിയവരുടെ ജീവചരിത്രം സെമിനാർ രൂപത്തിൽ ഓരോരുത്തരുടെയും തിരുനാൾ ദിനത്തിൽ അവതരിപ്പിച്ചു.

**ബത്തേരി മേഖല**

ഓണക്കിറ്റ് വിതരണം നടത്തി. ബത്തേരി മേഖലയ്ക്കു കീഴിൽ 14 ശാഖകളിൽ നിന്നും തിരഞ്ഞെടുത്ത ഓരോ കുടുംബത്തിനാണ് ഓണക്കിറ്റ് നൽകിയത്. അധ്യാപക ദിനം വളരെ ക്രിയാത്മകമായി ആചരിച്ചു. സ്വരം 2021 എന്ന പേരിൽ ദൈവവിളിസെമിനാർ നടത്തി. ഫാ. ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ TOR സെമിനാറിന് നേതൃത്വം നൽകി. ഡയറക്ടേഴ്സ് ദിനത്തിൽ ചെറുപുഷ്മിഷൻലീഗിനെ വിവിധ തലങ്ങളിൽ നയിച്ചുകൊണ്ടിരിക്കുന്ന പ്രിയപ്പെട്ട വൈദികർക്ക് ആശംസകൾ അറിയിച്ചു. പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് മേഖലയിലെ എല്ലാ കുടുംബങ്ങളിലും മാതാവിനോടുള്ള പ്രാർത്ഥന നൽകി.

**നിലമ്പൂർ മേഖല**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിന്റെ ഭാഗമായി ഗ്രോട്ടോ നിർമ്മാണ മത്സരവും നാലുവരി കവിത രചനാ മത്സരവും നടത്തി.

**മണിമൂളി മേഖല**

വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് മേഖലയിലെ എല്ലാ ഇടവക വൈദികരേയും ആശംസകൾ അറിയിക്കുകയും വീഡിയോ നിർമ്മിക്കുകയും ചെയ്തു. കുഞ്ഞേട്ടൻ അനുസ്മരണത്തോടനുബന്ധിച്ച് കുഞ്ഞേട്ടനെ കുറിച്ചുള്ള പ്രസംഗ മത്സരവും ശാഖ ഭാരവാഹികൾക്കായി വെബിനാറും നടത്തി.മേഖലയിലെ മുഴുവൻ മിഷൻലീഗ് അംഗങ്ങൾക്കുമായി ചിത്രരചന മത്സരം നടത്തി. ഫോർവിയോ എന്ന പേരിൽ മോട്ടിവേഷണൽ വീഡിയോ റിലീസിംഗ് ആരംഭിച്ചു. തുടർന്നുകൊണ്ടേയിരിക്കുന്നു.അഫ്ഗാനിസ്ഥാനിൽ വേദനിക്കുന്ന സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥന നടത്തി. മേഖലയുടെ ഇൻസ്റ്റഗ്രാം ഫോളോവേർസിനായി എല്ലാ ഞായറാഴ്ച്ചയും ക്വിസ് പ്രോഗ്രം നടത്തുന്നു.മേഖലയിലെ മിഷൻലീഗ് അംഗങ്ങളെ മാനസികമായി ധൈര്യപ്പെടുത്തുന്നതിനായി ടെലികൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തി. Gaao എന്ന പേരിൽ മിഷൻലീഗിന്റെ ചരിത്രത്തിൽ

ആദ്യമായി മേഖലയിലെ 300 ഗായകർ തമ്മിൽ മാറ്റുരച്ച സംഗീത മത്സരം നടത്തി.

**കൽപ്പറ്റ മേഖല**

വിയാനി ദിനത്തിൽ  മേഖലയിലെ എല്ലാ വൈദികരേയും ആദരിച്ചു. 'അന്നം' പരിപാടിയുടെ ഭാഗമായി ഭക്ഷണ കിറ്റുകൾ ക്ളാര ഭവനിൽ കൊടുത്തു. കുഞ്ഞേട്ടൻ ഓർമ്മദിനത്തിൽ മേഖലയിലെ എല്ലാ ഭാരവാഹികളെയും ആദരിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിനോടാനുബന്ധിച്ചു  ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫി ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി മത്സരം നടത്തി.

**നീലഗിരി മേഖല**

ജൂബിലി വർഷത്തോടനുബന്ധിച്ച് സി.എം.എൽ നീലഗിരി മേഖല ജൂബിലി വർഷ പോസ്റ്റർ മേഖലയിലെ 2000 കുടുംബങ്ങൾക്കും പ്രിന്റ് ചെയ്തു നൽകി. മേഖലയിലെ എല്ലാ മിഷൻ ലീഗ് അംഗങ്ങളും ഓഗസ്റ്റ 29 ന് അരമണിക്കൂർ വീതം വ്യക്തിപരമായ പ്രാർത്ഥനയ്ക്കായി  ദേവാലയങ്ങളിലും ദേവാലയത്തിൽ എത്താൻ സാധിക്കാത്തവർ ആ സമയം സ്വഭവനങ്ങളിലെ പ്രാർത്ഥനാ മുറിയിലും പ്രാർ ത്ഥനയ്ക്കായി ചിലവഴിച്ചു. പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ ഒന്നു മുതൽ 7 വരെ മിഷൻ ലീഗ് അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രണ്ട് ശാഖകൾക്ക് ഒരു ദിവസം എന്ന രീതിയിലാണ് ക്രമീകരിച്ചത്. ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് മിഷൻ ലീഗ് അംഗങ്ങൾക്കായി കൊളാഷ്, ടെലി ക്വിസ് മത്സരങ്ങൾ നടത്തി.

**കല്ലോടി മേഖല**

മേഖല ടീം അംഗങ്ങൾ പുതിയിടംകുന്ന്, ജൂഡ്മൗണ്ട്, കല്ലോടി എന്നീ ശാഖകൾ സന്ദർശിച്ചു. മേഖലയിലെ ജൂനിയർ ടീം മീറ്റിംഗ് കല്ലോടിയിൽ വച്ച് നടത്തി. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി ആരാധന നടത്തി പ്രാർത്ഥിച്ചു. ജൂനിയർ ടീമിൽനിന്ന് എസ്എസ്എൽസി, പ്ലസ് ടു ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികള അനുമോദിച്ചു. വിദ്യാർഥികൾക്കായി പ്രസംഗ മത്സരം സംഘടിപ്പിച്ചു. കല്ലോടിയിൽ വച്ച് ബഹു.ജോസഫ് മാലിപ്പറമ്പിൽ അച്ചൻ അനു സ്മരണം നടത്തി. ചെറുപുഷ്പ മിഷൻ ലീഗ് കല്ലോടി മേഖലയും കല്ലോടി ശാഖയും  സംയുക്തമായി ദൈവവിളി സെമിനാറും, മാനന്തവാടി രൂപത ഉന്നത വിദ്യാഭ്യാസത്തിനായി

ആരംഭിച്ചിരിക്കുന്ന ഫെഡാർ എന്ന സംവിധാനത്തെ പരിചയപ്പെടുത്തലും, തുടർന്ന് കരിയർ ഗൈഡൻസ് ക്ലാസ്, ആരാധന, കുമ്പസാരം, വി. കുർബാന എന്നിവയും നടന്നു. മതബോധന ദിനത്തിൽ മതബോധന സെമിനാർ നടത്തി.

കർമ്മ വീഥികളിൽ പ്രേഷിത വീര്യത്തിന്റെ അലയടികൾ ഉയർത്തി വീണ്ടും നമുക്ക് പ്രേഷിത മാസത്തിൽ ചെമ്മഞ്ഞക്കൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ രൂപത സെക്രട്ടറി

## Your Neighbour Association

### കോവിഡ് 19 പാൻഡെമിക് ചാരിറ്റി

കോവിഡ് മൂലം ദുരിതത്തിൽ കഴിയുന്ന മാനന്തവാടി പുഴയുടെ തീരത്തു താമസിക്കുന്ന നിർധനരായ കുടുംബങ്ങൾക്ക് ഓഗസ്റ്റ് 28 ശനിയാഴ്ച, ഭക്ഷണകിറ്റ് വിതരണം നടത്തി. യുവർ നെയ്ബർ അസോസിയേഷൻ സെക്രട്ടറി ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ആൻസി തോമസ്, സിസ്റ്റർ ഡിവിനാ തുടങ്ങിയവർ പുഴയോരത്ത് താമസിക്കുന്ന ജനവിഭാഗങ്ങളുമായി ആശയ വിനിമയം നട ത്തുകയും അവരുടെ പ്രശ്നങ്ങൾ ചോദിച്ചു മനസ്സിലാക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

### ടീച്ചേഴ്സ് ഡേ

പാഠപുസ്തകങ്ങൾക്കപ്പുറം അറിവിന്റെയും വിവേകത്തിന്റെയും ജീവിതത്തിന്റെയും മൂല്യവത്തായ പാഠങ്ങൾ പകർന്നു തന്ന എല്ലാ ഗുരുഭൂതരെയും ആദരിക്കുന്നതിന്റെ ഭാഗമായി യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ അഞ്ചിന് അധ്യാപകദിനം ആഘോഷിച്ചു. അന്നേ ദിനം ലൈഫ് ട്രെയിനിങ്ങ് വിദ്യാർഥികളും യുവജനങ്ങളും തങ്ങളുടെ ഗുരുഭൂതരെ ഫോണിൽ വിളിച്ച് ആദരവ് പ്രകടമാക്കി. 2019 ബാച്ചുകാരുടെ നേതൃത്വത്തിൽ അധ്യാപനത്തിന്റെ മഹത്വം വിളിച്ചോതുന്നതും, ലൈഫ് അധ്യാപ കർക്ക് നന്ദിയേകുന്നതുമായ വീഡിയോ തയ്യാറാക്കി. 2020 ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആശംസ കാർഡ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. ആഗ്നസ് ഷാജി ഒന്നാം സ്ഥാന വും, ആൻ മരിയ അജിൻ രണ്ടാം സ്ഥാനവും, ഗിൽഡ, ആൻ മേരി മാത്യു എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 12പേർ പങ്കെ ടുത്ത ഈ മത്സരത്തിന് നേതൃത്വം നൽകിയത് 2020 ബാച്ചിലെ സോഷ്യൽ ഡേ ലീഡേഴ്സായ ആഞ്ജലീന റോസ്, എഡ്വിൻ

സോണി, റെയ്ന ഷോരാജ് എന്നിവരാണ്. അഭിനന്ദനങ്ങൾ!

**ഹിന്ദി ദിനം**

2021 സെപ്റ്റംബർ 14-ാം തീയതി യുവർനെയ്ബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി ഹിന്ദി ദിനം ആചരിച്ചു. പോസ്റ്ററുകൾ തയ്യാറാക്കിയും വീഡിയോകൾ നിർമ്മിച്ചും ഹിന്ദിഭാഷയെ വിദ്യാർത്ഥികൾ ബഹുമാനിച്ചു. ലൈഫ് ട്രെയിനിംഗ് 2020 ബാച്ച് ആഞ്ജലീന റോസിന്റെ നേതൃത്വത്തിൽ ഈ ദിനത്തിന്റെ പ്രാധാന്യം ഓതുന്ന നൃത്താവിഷ്കാര വീഡിയോ തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെച്ചു. ആഞ്ജലീനയ്ക്ക് അഭിനന്ദനങ്ങൾ.

**വേൾഡ് ഓസോൺ ഡേ**

2021 സെപ്റ്റംബർ പതിനാറാം തീയതി വേൾഡ് ഓസോൺ ഡേ ദിനാചരണത്തോടനുബന്ധിച്ച് യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ 2020 ലൈഫ് ട്രെയിനങ്ങ് വിദ്യാർത്ഥികൾ ഡിജിറ്റൽ പോസ്റ്റർമത്സരം സംഘടിപ്പിച്ചു. 13 വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ മരിയറോസ്ലിൻ ഒന്നാം സ്ഥാനവും അലോണ മരിയ, ആൻമരിയ മാത്യു എന്നിവർ രണ്ടാം സ്ഥാനവും റെയ്ന ഷോരാജ്, ഇഷിത എന്നിവർ മൂന്നാം സ്ഥാനവും നേടി. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ. 16 പേർ പങ്കെടുത്ത ഈ ഡിജിറ്റൽ പോസ്റ്റർ മത്സരത്തിന് നേതൃത്വം നൽകിയത് സോഷ്യൽ ലീഡറായ ഏബൽ തോമസാണ്. അഭിനന്ദനങ്ങൾ.

## Life Training

സോഫിയലൈഫ് ട്രെയിനിംങ്ങ് 2020 ബാച്ചുകാർ തങ്ങളുടെ ഓൺലൈൻ പരിശീലനം ആരംഭിച്ചിട്ട് ഒരു വർഷം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് തയ്യാറാക്കുന്ന സോഫിയ എന്ന സ്റ്റാറ്റസ് വീഡിയോ ശ്രദ്ധേയമാകുന്നു. നിലമ്പൂർ സ്വദേശിയും 2020 ബാച്ചിലെ വിദ്യാർത്ഥിനിയുമായ ആൻ മരിയ അജിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ സ്റ്റാറ്റസ് വീഡിയോസ് അനേകർക്ക് ആശ്വാസം പകരാനാകുന്നു. ആൻ മരിയായ്ക്ക് അഭിനന്ദനങ്ങൾ.

**അനുദിന വിശുദ്ധർ**

വിശുദ്ധരുടെ നന്മനിറഞ്ഞ ജീവിതവും ജീവിതവിശുദ്ധിയുമൊക്കെ കണ്ടുപഠിക്കുന്നതിനും അറിയുന്നതിനും വേണ്ടി അതാത് ദിനങ്ങളിലെ വിശുദ്ധരുടെ ജീവചരിത്രങ്ങൾ സ്പിരിചൽ ലീഡേഴ്സിന്റെ നേതൃത്വത്തിൽ അനുദിനം പങ്കുവെക്കുന്നു. ഇതുവഴി വിശുദ്ധരെ കൂടുതൽ പരിചയപ്പെടാൻ വിദ്യാർഥികൾക്ക് കഴിയുന്നു. 2020 ലൈഫ് ട്രെയിനിങ്ങ് സ്പിരിചൽ ലീഡറായ ഫിയോണ മരിയ ബൈജുവിന്റെ നേതൃത്വത്തിലാണ് ഇപ്രകാരം ചെയ്യുന്നത്.

**പ്രാർത്ഥനയോടെ**

കോവിഡ് 19 പശ്ചാത്തലത്തിൽ ഓൺലൈൻ വഴി ലൈഫ് ട്രെയിനിങ്ങ് പരിശീലനങ്ങൾ മുന്നേറുമ്പോൾ യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ ഞായർ ഒഴികെ എല്ലാദിനവും രാവിലെ 5.30ന് സൂം പ്ലാറ്റ്ഫോമിൽ വിദ്യാർഥികൾ ഒന്നു ചേരുന്നു. വിദ്യാർത്ഥികൾ ഓരോരുത്തരായി അനുദിനസന്ദേശങ്ങൾ പങ്കുവെക്കുകയും ഒരുമിച്ച് പ്രാർത്ഥിച്ചു ആ ദിനം ആരംഭിക്കുകയും ചെയ്യുന്നു.ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം.സി. എന്നിവർ ഇതിനു നേതൃത്വം വഹിക്കുന്നു. ചിട്ടയായ ഒരു ജീവിത ക്രമീകരണത്തിന് വിദ്യാർഥികളെ ഇത് ഏറെസഹായിക്കുന്നു.

**കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**

2021 സെപ്റ്റംബർ 14-ാം തീയതി വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾദിനത്തിൽ ആദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന വീഡിയോകളും പോസ്റ്റുകളും തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തി. ഇതിനു നേതൃത്വം നൽകിയ ലൈഫ് ട്രെയിനിങ് ലീഡേഴ്സ് റിച്ചാർഡ് പോളിനും, ജുവൽ ജിപ്സണും അഭിനന്ദനങ്ങൾ.

## Youth Ministry Office

**പ്രാർത്ഥിക്കുന്ന അമ്മ**

ചലിക്കുന്ന സക്രാരിയായി പ്രാർത്ഥിക്കുന്ന അമ്മയായി അറിയപ്പെടുന്ന കേരളത്തിന്റെ വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരു

നാൾ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സമുചിതമായി ആഘോഷിച്ചു. 2021 ആഗസ്റ്റ് 29 വിശുദ്ധ എവുപ്രാസ്യ അമ്മയുടെ തിരുനാളിന് ഒരുക്കമായി നവദിന പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. പ്രശസ്ത സുവിശേഷപ്രസംഗയും അധ്യാപികയുമായ സിസ്റ്റർ ഫിൽസി എവുപ്രാസ്യ സി.എം.സി. ഇതിന് നേതൃത്വം വഹിച്ചു. ഇതുവഴി വിശുദ്ധയുടെ ചൈതന്യം അനേകം യുവജനങ്ങളിലേക്കും കുഞ്ഞുങ്ങളിലേക്കും പകരുവാൻ സാധിച്ചു.

**എട്ടുനോമ്പാചരണം**

മാതാവിന്റെ ജനന തിരുനാൾ യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും വാകേരി ഇടവകയും സംയുക്തമായി നോമ്പ് എടുത്ത് ആചരിച്ചു. എട്ടു ദിനങ്ങളിലും വൈകുന്നേരം 6.30 ന് ഗൂഗിൾ പ്ലാറ്റ്ഫോമിൽ ജപമാലയും, വിമലഹൃദയ പ്രതിഷ്ഠയും, 7 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത്മിനിസ്ട്രിയുടെ യൂട്യൂബ് ചാനൽ വഴി ലൈവ് വിശുദ്ധ കുർബാനയും ഫാ. ലാൽ ജേക്കബ് പൈനുംങ്കലിന്റെ നേതൃത്വത്തിൽ അർപ്പിച്ചു. കോവിഡ് മൂലം ദേവാലയത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കുചേരാൻ സാധിക്കാത്തവർക്ക് ഇത് വലിയൊരു സഹായകമായി.

**അമ്മയ്ക്കുള്ള സമ്മാനം**

2021 സെപ്റ്റംബർ 9 പരിശുദ്ധ അമ്മയുടെ പിറന്നാൾ ദിനത്തിൽ യുവജനങ്ങളും കുഞ്ഞുങ്ങളും സമ്മാനങ്ങൾ നൽകി അമ്മയോടുള്ള ആദരവും സ്നേഹവും പ്രകടമാക്കി. തങ്ങളുടെ ജീവിതത്തിൽ അനുഭവപ്പെട്ട അഞ്ചു സന്തോഷങ്ങളും അഞ്ചു ദുഃഖങ്ങളും കണ്ടെത്തി അവ ജപമാല രഹസ്യങ്ങളായി പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിച്ചു കൊണ്ടാണ് സമ്മാനം തയ്യാറാക്കിയത്. മാതാവിന്റെ തിരുനാൾ ദിനത്തിൽ വിദ്യാർത്ഥികൾ പോസ്റ്റുകളും വീഡിയോകളും തയ്യാറാക്കി പ്രസിദ്ധീകരിച്ചു. യുവജനങ്ങളും കുഞ്ഞുങ്ങളും ഇതിൽ പങ്കു ചേർന്നത് വഴി പരിശുദ്ധ അമ്മയോടുള്ള ബന്ധത്തിൽ ആഴപ്പെട്ട് വളരുവാൻ ഇടയായി.

**സി. ആൻസി തോമസ് സി. എം. സി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**സമാധാനദീപം തെളിയിച്ചു**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ താലിബാൻ ജനതയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനായി ആഗസ്റ്റ് 17 ന് നടത്തിയ സമാധാനദീപം തെളിയിക്കലിൽ യുവജനങ്ങൾ പങ്കുചേർന്നു.

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണവും ഫാ. സ്റ്റാൻ സ്വാമി അനുസ്മരണവും**

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി ഉത്തരേന്ത്യയിലെ ആദിവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചതിന്റെ പേരിൽ ദുരാരോപണങ്ങൾ ചുമത്തുകയും, നീതി നിഷേധിക്കപ്പെട്ട് കൽതുറുങ്കിൽ അടക്കപ്പെടുകയും, ഭരണകൂട ഭീകരതയ്ക്കിരയായി മരണം വരിക്കുകയും ചെയ്ത മനുഷ്യാവകാശ പ്രവർത്തകൻ ഫാ. സ്റ്റാൻ സ്വാമിയെ അനുസ്മരിച്ചുകൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപത ഓഫീസിൽ വച്ച് അനുസ്മരണയോഗം സംഘടിപ്പിച്ചു. 2021 ആഗസ്റ്റ് 28 ന് അഡ്വ. ജിജിൽ ജോസ് കിഴക്കരകാട്ട് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ സംസാരിച്ചു.

**ആനിമ 2021**

യുവജന ശുശ്രൂഷയിൽ മാതൃനിർവിശേഷമായ പങ്ക് വഹിച്ച്, കെ.സി.വൈ.എം. പ്രസ്ഥാനത്തോടൊപ്പം ആയിരിക്കുന്ന മേഖല, യൂണിറ്റ് ആനിമേറ്റേഴ്സിനായി കെ.സി.വൈ.എം. മാനന്തവാടി രൂപത സമിതി ഒരുക്കിയ സമ്മേളനം ANIMA 2021 ഓഗസ്റ്റ് 30 ന് ZOOM പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. കെ.സി.വൈ.എം. കൊല്ലം-പുനലൂർ രൂപത മുൻ ഡയറക്ടർ റവ. ഫാ. ഷാജൻ വളവിൽ SDB ക്ലാസ്സ് നയിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 120 ൽ പരം ആനിമേറ്റർ സിസ്റ്റേഴ്സ് പങ്കെടുത്തു. ശുശ്രൂഷാ മേഖലകൾക്ക് കൂടുതൽ ഊർജ്ജം പകരാൻ സാധ്യമാകത്തക്കവിധത്തിൽ ആകർ

ഷകമായ സെഷനുകളും, ചോദ്യോത്തരവേളകളും, പരസ്പരം അറിയാനും പങ്കുവെയ്ക്കാനും ഉള്ള അവസരങ്ങളും ഉൾപെടുന്ന വേദിയായിരുന്നു ആനിമ 2021.

**READY 2021**

കെസിവൈഎം മാനന്തവാടി രൂപത മേഖല ഡയറക്റ്റേഴ്സ് ആനിമേറ്റേഴ്സ് സംഗമം READY 2021 സെപ്റ്റംബർ 15 ന് നടത്തപ്പെട്ടു.13 മേഖലകളിലെയും ഡയറക്റ്റേസും ആനിമേറ്റേഴ്സും പങ്കെടുത്തു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടതും, സംഘടനയുടെ വളർച്ചയ്ക്ക് ഉതകുന്നതുമായ സജീവമായ ചർച്ചാ വേദിയായിരുന്നു.

**OYO (Open Your Opinion)**

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 2021 സെപ്റ്റംബർ 1 ന് 'താലിബാനിസം തലകൊയ്യുന്ന ഭീകരത' എന്ന വിഷയം ചർച്ച ചെയ്തു. ദീപിക അസോസിയേറ്റ് എഡിറ്ററും ഡൽഹി ബ്യൂറോ ചീഫുമായ ശ്രീ. ജോർജ്ജ് കള്ളിവയലിൽ ചർച്ചകൾക്ക് നേതൃത്വം നൽകി. മാനന്തവാടി രൂപതയിൽ നിന്ന് പതിനഞ്ചിൽപ്പരം യുവജനങ്ങൾ പങ്കെടുത്തു.

**പേൾ 2021 സാഹിത്യമത്സരം**

യുവപ്രതിഭകളിലെ സർഗ്ഗാത്മക കഴിവുകൾ പുറത്തെടുക്കാൻ കെസിവൈഎം മാനന്തവാടി രൂപത ഒരുക്കിയ പേൾ 2021 സാഹിത്യമത്സരം സെപ്റ്റംബർ 4, 5 തിയ്യതികളിൽ നടത്തപ്പെട്ടു. 2 ദിനങ്ങളിലായി നടന്ന 11 മത്സര ഇനങ്ങളിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 1500 ൽപ്പരം യുവജനങ്ങൾ പങ്കെടുത്തു. എല്ലാ മത്സരാർത്ഥികൾക്കും, മത്സരത്തിന്റെ വിജയത്തിനായി അക്ഷീണം യത്നിച്ചവർക്കും ഹൃദ്യമായ നന്ദി.

**ധമനി രക്തദാന ഡയറക്ടറി വിപുലീകരണം**

കെസിവൈഎം മാനന്തവാടി രൂപത യുവജനദിനത്തിൽ ആരംഭിച്ച രക്തദാന ഡയറക്ടറി വിപുലീകരണം 2021 സെപ്റ്റംബർ 6 ന് ആരംഭിച്ചു. ഒരു മേഖലയ്ക്ക് 2 ദിവസം ലഭിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരുടെയും പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

**സ്വാഗതം**

കെ.സി.വൈ.എം. മാനന്തവാടി രൂപത സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കൽപ്പറ്റ മേഖലാ ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനി, ബത്തേരി മേഖല ആനിമേറ്റർ റവ. സി. ഡോ. നാൻസി എസ്.എ.ബി.എസ് എന്നിവർക്കും നടവയൽ മേഖലാ ഡയറക്ടർ ആയി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. സന്തോഷ് ഒറവാറന്തറയ്ക്കും മാനന്തവാടി രൂപത കെസിവൈഎം കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

2020 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡായ Best Educational Program Award കരസ്ഥമാക്കിയ, 'തരിയോട്' എന്ന പേരിൽ ഡോക്യുമെന്ററി നിർമ്മിച്ച കാവുമന്ദം യൂണിറ്റ് അംഗം നിർമൽ ബേബി വർഗ്ഗീസിന് അഭിനന്ദനങ്ങൾ.

**വിവാഹമംഗളാശംസകൾ**

വിവാഹ ജീവിതാന്തസ്സിലേക്ക് വിളിക്കപ്പെട്ട കെ.സി.വൈ. എം. മാനന്തവാടി രൂപത മുൻ സെക്രട്ടറി ചിപ്പി കളമ്പാട്ടിനും വരൻ ജിബിനും ആശംസകൾ.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കലിന്റെ മാതാവ് അന്നക്കുട്ടി പുത്തൻപുരയ്ക്കലിനും, കെസിവൈഎം മുൻ ഭാരവാഹികളായ ശ്രീ. സജിൻ ചാലിൽ, ശ്രീ. സണ്ണി ചാലിൽ എന്നിവരുടെ പിതാവ് കെ. വി. ജോസഫ് ചാലിൽ മാസ്റ്റർക്കും, കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻ സിൻഡിക്കേറ്റ് അംഗമായ സിംപോൾ വർക്കിയുടെ മാതാവും, മുൻ രൂപത വൈസ് പ്രസിഡന്റ് സീന കുര്യന്റെ ഭർതൃ മാതാവുമായ തെക്ലാമ്മ പൊട്ടക്കലിനും, അകാലത്തിൽ ജീവൻ പൊലിഞ്ഞ പയ്യമ്പള്ളി യൂണിറ്റ് അംഗം അജുൽ ചാലിലിനും ആദരാഞ്ജലികൾ.

**മേഖലാ വാർത്തകൾ**

**മണിമൂളി മേഖല**

മണിമൂളി മേഖലയിലെ യൂണിറ്റുകളിൽ പ്രവർത്തന മാസാചരണത്തിന് ഭാഗമായി യുവജനങ്ങൾക്കായി വിശുദ്ധ കുർബാന അർപ്പിക്കുകയും പതാക ഉയർത്തുകയും ചെയ്തു. വിയാനി ദിനത്തോടനുബന്ധിച്ച് മേഖലയുടെ കീഴിലുള്ള എല്ലാ യൂണിറ്റു

കളും യൂണിറ്റ് ഡയറക്ടർമാർക്ക് മധുരം നൽകി ആദരിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണത്തിന് ഭാഗമായി മണിമൂളി നിലമ്പൂർ മേഖലകൾ സംയുക്തമായി സംഘടിപ്പിച്ച സൈക്കിൾ റാലിയിലും, ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തിൽ കെ.സി.വൈ.എം. ചുങ്കക്കുന്ന് മേഖലയുടെ ആതിഥേയത്വത്തിലും, രൂപതയുടെ നേതൃത്വത്തിലും നടത്തപ്പെട്ട 'ഞാൻ ജനിച്ച മണ്ണ്' എന്ന ഏകദിന ഉപവാസ സമരത്തിലും മേഖലയിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖല ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കണിയാരം കത്തീഡ്രൽ അങ്കണത്തിൽ വച്ച് പതാക ഉയർത്തുകയും പ്രവർത്തനമാസം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വിയാനി ദിനത്തിൽ മേഖലയിലെ 18 യൂണിറ്റുകളിലെയും വൈദികർക്ക് ആശംസകൾ അറിയിച്ചു. ആലാറ്റിൽ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ ബിരിയാണി ചലഞ്ചിലൂടെ ഫണ്ട് സമാഹരിച്ച് പാവപ്പെട്ട കുട്ടികൾക്ക് മൊബൈൽ ഫോൺ വാങ്ങി നൽകി. ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കുന്ന തരത്തിലുള്ള സാമൂഹ്യ മാധ്യമങ്ങളുടെ നിലപാടുകൾക്കെതിരെ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് തപാൽമാർഗം നിവേദനം അയച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ട അടിക്കുറിപ്പ് മത്സരത്തിൽ 30 യുവജനങ്ങൾ പങ്കെടുത്തു. IDENTIFY YOUR RIGHTS എന്ന പേരിൽ ഓൺലൈൻ മാധ്യമത്തിലൂടെ അഡ്വ. ജിജിൽ ജോസഫ് കിഴക്കരകാട്ടിന്റെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു. മാനന്തവാടി സമരിറ്റൻ ഭവൻ, കോളയാട് കൃപാഭവൻ, പോരൂർ സ്നേഹാലയം എന്നിവ സന്ദർശിക്കുകയും ഭക്ഷണ സാധനങ്ങൾ വസ്ത്രങ്ങൾ എന്നിവ നല്കുകയും ചെയ്യ്തു.

**ദ്വാരക മേഖല**

ദ്വാരക മേഖലയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് പ്രവർത്തന മാസാചരണത്തിന് പതാക ഉയർത്തി തുടക്കം കുറിക്കുകയും മാസ്ക് വിതരണം നടത്തുകയും ചെയ്തു. ജോൺ മരിയ വിയാനി ദിനത്തിൽ മൺമറഞ്ഞുപോയ വൈദികർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധതരം പദ്ധതിക

ളെക്കുറിച്ച് അറിവുള്ളവർ ആകുന്നതിനായി 'ആനുകൂല്യങ്ങൾ നമ്മുടെ അവകാശം' എന്ന പേരിൽ വെബിനാർ സംഘടിപ്പിച്ചു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുന്നാളിനോടനുബന്ധിച്ച് 'റോസറി സ്ക്വാഡ് 2021' സംഘടിപ്പിച്ചു. മേഖല ഭാരവാഹികളുടെ നേതൃത്വത്തിൽ ജില്ലാ ജയിൽ സന്ദർശനം, മെഡിക്കൽ കിറ്റ് വിതരണം. ദ്വാരക, 4-ാംമൈൽ ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് മാസ്ക്, സാനിറ്റൈസർ എന്നിവയുടെ വിതരണവും നടത്തി.

**മുള്ളൻകൊല്ലി മേഖല**

ഓഗസ്റ്റ് പ്രവർത്തനമാസ ഉദ്ഘാടനം മരക്കടവ് യൂണിറ്റിൽ വെച്ച് നടത്തി. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് 'സ്വാതന്ത്ര്യ സമര ചരിത്രം' ക്വിസ് മത്സരം സംഘടിപ്പിച്ചു. ഓണത്തോടനുബന്ധിച്ച് ഓൺലൈനായി പൂക്കള മത്സരം, ഓണക്കാഴ്ചകൾ, ഓണപ്പാട്ട്, വീട്ടിലെ ഓണം, മലയാളിമങ്ക, പുരുഷകേസരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനവും ഫാ. സ്റ്റാൻ സ്വാമി അനുസ്മരണവും പുഷ്പാർച്ചനയും ശിശുമല യൂണിറ്റിൽ വച്ച് നടത്തി. സമ്മിശ്ര കൃഷിയിലൂടെ നൂറു മേനി വിളയിച്ച ആടിക്കൊല്ലി യൂണിറ്റ് ഡയറക്ടർ റവ. ഫാ. പോൾ എടയകൊണ്ടാട്ടിനെ അഭിനന്ദിച്ചു.

**നടവയൽ മേഖല**

നടവയൽ മേഖലയിലെ യൂണിറ്റുകളിൽ പ്രവർത്തന മാസാചരണം ഉദ്ഘാടനം ചെയ്തു. പ്രവർത്തനങ്ങളുടെ ഭാഗമായി ഫ്രണ്ട്ഷിപ്പ് ഡേ, യൂണിറ്റ് ശാക്തീകരണം, വിയാനിഅനുസ്മരണം, ഹിരോഷിമ, നാഗസാക്കി ദിനങ്ങൾ, അന്താരാഷ്ട്ര യുവജന ദിനം, അമ്മയോടൊപ്പം സ്വാതന്ത്ര്യം, വേൾഡ് ഫോട്ടോഗ്രാഫി ദിനം, മേഖല ഓണാഘോഷം, ഇന്റർനാഷണൽ സ്പോർട്സ് ഡേ, ഫാ. സ്റ്റാൻ സ്വാമി അനുസ്മരണം തുടങ്ങിയ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

**ചുങ്കക്കുന്ന് മേഖല**

ആഗസ്റ്റ് പ്രവർത്തന മാസത്തിന്റെ ഭാഗമായി ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ വി. ജോൺ മരിയ വിയാനി ദിനം, യേശുവിന്റെ രൂപാന്തരീകരണ തിരുനാൾ, വി. ക്ലാര, വി. എവുപ്രാസ്യമ്മ എന്നിവരുടെ തിരുനാൾ ദിനങ്ങളിൽ പോസ്റ്റർ നിർമ്മിക്കുകയും വിശുദ്ധരെ ആദരിക്കുകയും ചെയ്തു.

തിങ്കിംഗ് സെൽ, ഹിരോഷിമ നാഗസാക്കി ദിനം, ജനകീയ ഒപ്പുശേഖരണം, അന്താരാഷ്ട്ര യുവജന ദിനം, ഏകദിന ഉപവാസ സമരം, ഇന്ത്യൻ സ്വാതന്ത്ര്യദിനം, കർഷകദിനം Women's Equality Day എന്നിവ സംഘടിപ്പിച്ചു. രക്ത വാഹിനി എന്ന പേരിൽ തലശ്ശേരി ജനറൽ ആശുപത്രിയിൽ യുവജനങ്ങൾ രക്തം ദാനം ചെയ്തു. തൊഴിൽസാധ്യതകൾ പരിചയപ്പെടുത്തുവാനായി Online INFO Desk രൂപീകരിച്ചു. ക്ഷീര കർഷകർക്കായും, കച്ചവടസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനു വേണ്ടിയും, അഫ്ഗാനിസ്ഥാനിൽ താലിബാൻ നടത്തുന്ന അക്രമങ്ങൾക്കെതിരെയും പ്രതിഷേധസ്വരം രേഖപ്പെടുത്തി.

**കല്ലോടി മേഖല**

കല്ലോടി മേഖലയുടെ നേതൃത്വത്തിൽ അഫ്ഗാൻ ജനതയ്ക്ക് വേണ്ടി സമാധാന ദീപം തെളിയിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി പി.ജി. സ്റ്റാറ്റിസ്റ്റിക്സ് ഒന്നാം റാങ്ക് നേടിയ കല്ലോടി യൂണിറ്റ് അംഗവും കെ.സി.വൈ.എം. പ്രവർത്തകയുമായ അലിഷാ ജേക്കബിനും, കണ്ണൂർ യൂണിവേഴ്സിറ്റി എം. എ. ജേർണലിസത്തിൽ അഞ്ചാം റാങ്ക് കരസ്ഥമാക്കിയ കല്ലോടി മുൻ കെ.സി.വൈ.എം. പ്രവർത്തകനും ജൂഡ്സ് മൗണ്ട് ഇടവക അംഗവും നിലവിലെ തോണിച്ചാൽ കെ.സി.വൈ.എം. അസി. ഡയറക്ടറുമായ റവ. ഫാ. ബിവാൾഡിനും അഭിനന്ദനങ്ങൾ അറിയിച്ചു. മേഖലയുടെ നേതൃത്വത്തിൽ വയനാട് ജില്ലാ മെഡിക്കൽ കോളേജ് 'സ്വാന്തനം 2021' എന്ന പേരിൽ രോഗികൾക്കും ജീവനക്കാർക്കും വേണ്ടി ഭക്ഷണം പാകം ചെയ്യുകയും മേഖലയിലെ ഓരോ യൂണിറ്റിനും ഓരോ ആഴ്ചയിൽ സാന്ത്വനത്തിൽ പങ്കുചേരുവാൻ ഉള്ള അവസരവും നൽകി. സാമൂഹ്യമാധ്യമങ്ങളിലൂടെ ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കുന്നവർക്ക് മുന്നറിയിപ്പു നൽകിക്കൊണ്ട് പത്രസമ്മേളനം നടത്തി.

**ബത്തേരി മേഖല**

ബത്തേരി മേഖല ഓഗസ്റ്റ് പ്രവർത്തനമാസത്തിന്റ ഭാഗമായി അമ്പലവയൽ യൂണിറ്റിൽ വെച്ച് പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. യുവജന ദിനത്തിൽ യുവജനങ്ങൾക്കും, വിയാനി ദിനത്തിൽ യൂണിറ്റ് ഡയറക്ടർമാർക്കും ആശംസകൾ നേർന്നു. പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച്

13 യൂണിറ്റുകളെ സമർപ്പിച്ച് പ്രാർത്ഥന നടത്തി. PACKS OF LOVE എന്ന പേരിൽ ഗവൺമെന്റ് ഹോസ്പിറ്റലിൽ പൊതിച്ചോറ് വിതരണം ചെയ്തു. കർഷക ദിനത്തിൽ മേഖല, യൂണിറ്റ് ആനിമേറ്റർമാരുടെ നേതൃത്വത്തിൽ യൂണിറ്റ് തലത്തിൽ കർഷകരെ ആദരിച്ചു.

**നീലഗിരി മേഖല**

നീലഗിരി മേഖലയുടെ നേതൃത്വത്തിൽ കോഫി ടീമിന്റെ പ്രവർത്തനങ്ങൾ എന്ന നിലയിൽ INFLAME എന്ന പേരിൽ ടീം രൂപീകരിച്ചു. മേഖലയുടെ പരിധിയിൽ വരുന്ന സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് 20 രൂപ ചലഞ്ചിലൂടെ ധനസമാഹരണം നടത്തി അർഹരായവർക്ക് വിതരണം ചെയ്തു. കൽപ്ര യൂണിറ്റ് നടത്തിയ ക്ലബ് ഹൗസ് ഡിബേറ്റിൽ മേഖലാ ഭാരവാഹികൾ പങ്കെടുത്തു. കുന്നലാടി യൂണിറ്റിലെ നിർധന കുടുംബത്തിന് യൂണിറ്റുകൾ സമാഹരിച്ച തുക കൈമാറി.

**ജിയോ ജെയിംസ് മച്ചുക്കുഴിയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

സെപ്റ്റംബർ - 10,11,12 തീയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 72 പേർ പങ്കെടുത്തു.

**അടുത്ത കോഴ്സ്**

ഒക്ടോബർ 8,9,10 - 22, 23, 24എന്നീ തീയതികളിൽ

**മരിയൻ സിംഗിൾസ്**

കുടുംബവിശുദ്ധീകരണത്തിനായി 2500-ജപമാലയും 2000 കരുണകൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. ഏശയ്യായുടെ പുസ്തകം വചന വായന നടത്തി.

**മാതൃവേദി**

മാനന്തവാടി രൂപത കുടുംബം തിരുക്കുടുംബം ആകാൻ നൂറുദിന പരിപാടിക്ക് സമാപന സന്ദേശം അന്തർ ദേശീയ ഡയറക്ടർ ഫാ. വിൽസൻ എലവുത്തുങ്കൽ കൂനൻ നിർവ്വഹിച്ചു. നൂറുദിന പരിപാടിക്ക് നേതൃത്വം നൽകിയ രൂപതാ പ്രസിഡന്റ് ശ്രീമതി വിജി നെല്ലിക്കുന്നേൽ, രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ്, മേഖലാ ഭാരവാഹികൾ, ശാഖാ ഭാരവാഹികൾ എല്ലാവർക്കും ഏറെ നന്ദി. സൂം മിറ്റിംഗിലൂടെ ഈ മാസത്തെ രൂപത എക്സിക്യുട്ടീവ് കൂടി. ഓഗസ്റ്റ് 27 - വിശുദ്ധ മോനിക്ക പുണ്യവതിയുടെ തിരുനാൾ ആചരിച്ചു. സെപ്റ്റംബർ 8 മാതൃദിനവും, എട്ടുനോമ്പാചരണവും ശാഖ, മേഖല, രൂപതാ തലങ്ങളിൽ നടത്തി.

## 'SCRIPTA - 2021'

മത്സരങ്ങൾ സമയബന്ധിതമായി വിജയകരമായി നടത്തുവാൻ സഹായിച്ച എല്ലാ വൈദീകർക്കും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും മേഖല നേതൃത്വങ്ങൾക്കും ഹൃദയപൂർവ്വം നന്ദി. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**രചനാ മത്സര വിജയികൾ.**

**ലേഖനം :** ഒന്നാം സമ്മാനം - ഷൈനി സ്റ്റെല്ല വടലിക്കാട്ടുവിളയിൽ, മണിമൂളി, രണ്ടാം സമ്മാനം- മേരി പുളിക്കൽ, കുറ്റിമൂല മാനന്തവാടി, മൂന്നാം സമ്മാനം - ബീന പന്ന്യാമാക്കൽ, കണിയാരം മാനന്തവാടി.

**ചെറുകഥ:** ഒന്നാം സമ്മാനം റെജീന പൂവക്കോട്ട് കുഞ്ഞോം കല്ലോടി, രണ്ടാം സമ്മാനം മേരി തോമസ് പുത്തൻവീട്ടിൽ മൊതക്കര ദ്വാരക, മൂന്നാം സമ്മാനം ഷെൻസി എടക്കാട്ട് പുത്തൻ പുരയിൽ കയ്യുന്നി നീലഗിരി, മൂന്നാം സമ്മാനം ജിഷ സിനേഷ് പുറക്കരിയിൽ ചുള്ളിയോട് ബത്തേരി.

**ജലച്ഛായം:** ഒന്നാം സമ്മാനം ഗീതാ പ്ലാത്തോട്ടത്തിൽ നിലമ്പൂർ നിലമ്പൂർ, രണ്ടാം സമ്മാനം പ്രിൻസി മുള്ളൻകൊല്ലി, മൂന്നാം സമ്മാനം ഇന്ദു തുണ്ടത്തിൽ നിലമ്പൂർ

**കവിയരങ്ങ്:** ഒന്നാം സമ്മാനം അമല മരിയ വിളമ്പുകണ്ടം ദ്വാരക, രണ്ടാം സമ്മാനം പൗളിൻ തറപ്പേൽ ശിശുമല മുള്ളൻകൊല്ലി, മൂന്നാം സമ്മാനം ലിറ്റി വണ്ടന്നൂർ കണിയാരം മാനന്തവാടി, മൂന്നാം സമ്മാനം ബിൻസി എടക്കാട് ഇടിവണ്ണ നിലമ്പൂർ.

**മുള്ളൻകൊല്ലി മേഖല-** വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ മേഖലയിലെ എല്ലാ വൈദികർക്കും ആശംസകൾ അറിയിച്ചു. എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി. ചെയിൻ റോസറി നടത്തി. മാനസികവും ശാരീരികവുമായി വിഷമിക്കുന്നവർക്കും, മാർപാപ്പ, മെത്രാൻമാർ, വൈദികർ സന്യസ്തർ, അൽമായർ എന്നിവർക്കും വേണ്ടി പ്രാർത്ഥിച്ചു. കരുണകൊന്ത ചൊല്ലി കൊറോണ രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. യുവ ദമ്പതികളെ ആദരിച്ചു. യുവ ദമ്പതികളുടെ വെബിനാറിൽ മേഖലയിലെ എല്ലാ ഇടവകയിൽ നിന്നും യുവദമ്പതിമാർ പങ്കെടുത്തു. സാഹിത്യ രചന മത്സരങ്ങളിൽ പങ്കെടുത്തു. ജീവന്റെ സംരക്ഷണ ദിനമായി ആചരിക്കുകയും ജപമാല, കരുണകൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം എന്നിവ ആചരിച്ചു. വി. മോനിക്ക, വി. എവുപ്രാസ്യ എന്നിവരുടെ തിരുനാൾ ദിനത്തിൽ പ്രാർത്ഥനകൾ സമർപ്പിച്ചു

**ചുങ്കക്കുന്ന് മേഖല -** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനാഘോഷവും പ്രോട്ടോകോൾ പാലിച്ച് ആഘോ

ഷിച്ചു. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ മേഖലയിലെ എല്ലാ വൈദീകർക്കും ആശംസകൾ നേർന്നു. മേഖല ഗൂഗിൾ മീറ്റിൽ മൊബൈൽ ഫോണിന്റെ ഉപയോഗം, യോഗാ ക്ലാസ്സിന്റെ ആരംഭം, സ്കോളർഷിപ്പുകളുടെ ലഭ്യത, 35 വയസ്സിനുമുകളിലുള്ള അവിവാഹിതരുടെ ലിസ്റ്റു ശേഖരണം, ഇപ്പോൾ ക്രൈസ്തവർക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾ എന്നീ വിഷയങ്ങൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തി. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ കുമ്പസാരിച്ച് അംഗത്വനവീകരണം നടത്തി. ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി 1500 രൂപയുടെ പുതപ്പുകൾ വാങ്ങി. സാഹിത്യ രചനാമത്സരം നടത്തി.

**ബത്തേരി മേഖല-** വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിനത്തിൽ മേഖലയിലെ എല്ലാ വൈദീകർക്കും ആശംസകൾ അറിയിച്ച് വീഡിയോ തയ്യാറാക്കി. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളാഘോഷത്തിന്റെ ഭാഗമായി അമ്മ മാർക്കായി സംഗീതാലാപന മത്സരം നടത്തി. കർത്താവിന്റെ രൂപാന്തരീകരണ തിരുന്നാൾ ആശംസകൾ നേർന്നു. കുടുംബപ്രേഷിതത്വ വിഭാഗവും പ്രോലൈഫ് മൂവ്മെന്റും മിഷൻലീഗും ചേർന്ന് സംഘടിപ്പിച്ച 'ജീവ വൃക്ഷത്തിലെ കുരുവികൾ' യുവദമ്പതി സംഗമത്തിലും പ്രോലൈഫ് വെബിനാറിലും അമ്മമാർ പങ്കെടുത്തു. രൂപതാ നിർദേശമനുസരിച്ച് രചനാമത്സരത്തിൽ പങ്കെടുത്തു. സമ്മാനർഹരായവരെ ആദരിച്ചു പരിശുദ്ധ അമ്മയുടെ തിരുന്നാൾ ആശംസകളും, സ്വാതന്ത്ര്യദിനാശംസകളും അറിയിച്ചു. കുടുംബ സംരക്ഷകന്റെ വർഷാചരണത്തിന്റെ ഭാഗമായി പാത്രിസ് കോർദെ (പിതൃഹൃദയത്തോടെ) പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക്ക ലേഖന പഠനം നടത്തി. മേഖല ഡയറക്ടർ ബഹു. ഫാ. തോമസ് തൈക്കുന്നുംപുറം ആമുഖപ്രഭാഷണം നടത്തി. വി. മോനിക്ക, വി.ഏവുപ്രാസ്യ എന്നിവരുടെ തിരുനാൾ ആചരിച്ചു. അഫ്ഗാനിസ്ഥാനിൽ പീഡിപ്പിക്കപ്പെടുന്ന സഹോദരർക്കായി നടത്തിയ ഓൺലൈൻ പ്രാർത്ഥനാചങ്ങലയിൽ അമ്മമാർ കണ്ണികളായി. കോവിഡ് ബാധിച്ചു മരണമടഞ്ഞവരുടെ കുടുംബത്തിന് കേന്ദ്രസർക്കാർ നൽകുന്ന ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും അപേക്ഷാഫോമും അംഗങ്ങൾക്ക് പരിചയപ്പെടുത്തി.

**തവിഞ്ഞാൽ -** വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. മേഖല പോസ്റ്റർ വചനമത്സരത്തിൽ

പങ്കെടുത്തു. കുടുംബം തിരുകുടുംബമാകാൻ എന്ന ആശയം സ്മിത മുണ്ടുനടക്കയ്ൽ പങ്കുവെച്ചു. ദേശഭക്തി ഗാനം, മരിയൻ ഭക്തിഗാനം, ഓണപ്പാട്ട് എന്നീ മത്സരങ്ങൾ നടത്തി സമ്മാനർഹ രായവരെ അഭിനന്ദിച്ചു. വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ ജീവചരിത്രം വീഡിയോ ആക്കി പ്രദർശിപ്പിച്ചു. അമ്മ മാർക്കായി വെബിനാർ നടത്തി

**കുഞ്ഞോം-** സാഹിത്യ മൽസരത്തിൽ പങ്കെടുത്തു. സമ്മാനർ ഹരായവരെ ആദരിച്ചു. പരി. മാതാവ്, വി.മോനിക്ക, വി.ഏവു പ്രാസ്യാ എന്നിവരുടെ തിരുനാൾ ആഘോഷിച്ചു. യുവജനങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. തിരുവചന പാഥേയം- ദിവ സവും ഓരോ വചനം അയച്ചു കൊടുത്തു. സാന്താ മോണിക്ക മധ്യസ്ഥ പ്രാർത്ഥന എല്ലാ അമ്മമാർക്കും ദിവസവും അയച്ചു കൊടുത്തു.

**മണിമൂളി ശാഖ -** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി അമ്മമാർ 15 നോമ്പെടുത്ത് ദിവ്യബലിയിൽ പങ്കു ചേർന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്റെ നിർദ്ദേശമനുസരിച്ച് എല്ലാ കുടുംബങ്ങളിലും സന്ധ്യാ പ്രാർത്ഥനയോടുകൂടെ സങ്കീർത്തനം 91 ഭക്തിപൂർവം ചൊല്ലുന്നു. വി. ജോൺ മരിയ വിയാനിയുടെ തിരു നാൾ ദിനത്തിൽ വീഡിയോ തയ്യാറാക്കി ബഹുമാനപ്പെട്ട വൈദികരെ ആശംസകൾ അർപ്പിച്ച് ആദരിച്ചു.ഓണദിനത്തിൽ ബഹുമാനപ്പെട്ട വൈദികർ, ആനിമേറ്റർ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ചേർന്ന് മണിമൂളി കോവിഡ് സെന്റർ സന്ദർശിച്ചു രോഗികൾക്ക് ഉച്ചഭക്ഷണം നൽകി. വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ കാഴ്ച സമർപ്പണം നടത്തി.

**തലപ്പുഴ -** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചു. മാതൃവേദിയുടെ ശാഖ ഗ്രൂപ്പിൽ ഓരോ ദിവസവും നിയോഗങ്ങൾ സമർപ്പിച്ചു ജപമാല ചൊല്ലി വരുന്നു. മാതാവിന്റെ സ്തോത്രഗീതം പഠന മത്സരം നടത്തി. ഓരോ ദിവസവും ഓരോ കുടുംബത്തെയും സമർപ്പിച്ചു വിശ്വാസപ്രമാണം ചൊല്ലിവരുന്നു.

**കൽപ്ര:** വിശുദ്ധ ജോൺ മരിയ വിയാനി, വി. എവുപ്രാസ്യാ, പരി. അമ്മ, വി. മോനിക്ക എന്നിവരുടെ തിരുനാൾ ആചരിച്ചു. ചെയിൻ റോസറി, സാഹിത്യ രചനാമത്സരം എന്നിവ നടത്തി.

**ഏലപ്പീടിക:** വിശുദ്ധ ജോൺ മരിയ വിയാനി, മദർ തെരേസ എന്നിവരുടെ തിരുന്നാൾ ആഘോഷിച്ചു. സ്വർഗ്ഗാരോപണ തിരുനാളിനൊരുക്കമായി കൊന്ത ചൊല്ലി. ഞായറാഴ്ചകളിൽ ഒരു മണിക്കൂർ പള്ളിയിൽ പ്രാർത്ഥിക്കുന്നു.

**മാനന്തവാടി:** വി. മദർ തെരേസാ ദിനത്തോടനുബന്ധിച്ച് ബഡ് ഷീറ്റുകൾ ശേഖരിച്ചു. ഇടവകയിലെ ഒരു കുടുംബത്തിലെ പെൺകുട്ടിയുടെ വിവാഹത്തിന് 10000 രൂപ സംഭാവന നൽകി. അമ്മമാർക്ക് നടത്തിയ മരിയൻ ഗാനമൽസരത്തിൽ പങ്കെടുത്തു. ആഗസ്റ്റ് 15 ന് പള്ളിയിൽ അമ്മമാർ വി. കുർബാനയിൽ പങ്കെടുക്കുകയും മാതാവിന്റെ മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കുകയും ചെയ്തു

**പാൽചുരം:** പരിസ്ഥിതി ദിനം ആചരിച്ചു. 'ഒരമ്മ ഒരു മരം' പദ്ധതിയുടെ ഭാഗമായി വീടുകളിൽ വൃക്ഷതൈകൾ നട്ടു. മാലിന്യസംസ്കരണത്തിന്റെ മുന്നൊരുക്കങ്ങൾ വീടുകളിൽ തയ്യാറാക്കി. പിതൃദിനത്തിൽ പിതാക്കന്മാരെ ആദരിച്ചു. അന്ന നാമധാരികളെയും, ഇടവകയിലെ പ്രായം കൂടിയ ദമ്പതിമാരെയും വി. ബലി മധ്യേ സമ്മാനങ്ങൾ നൽകി ആദരിച്ചു. മധുര പലഹാരങ്ങൾ നൽകി. നിർധനരായ കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് നൽകി. അൽഫോൻസാ നാമധാരികളെ ആദരിച്ചു. ന്യൂന പക്ഷ അവകാശങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ജെ. ബി. കോശി കമ്മീഷനുവേണ്ടിയുള്ള നിവേദനം നൽകി. മോണിക്കാപുണ്യവതിയുടെ തിരുനാൾദിനത്തിൽ അമ്മമാർ വി. കുർബാനയിൽ പങ്കെടുത്ത് അംഗത്വം നവീകരിച്ചു. എട്ടുനോമ്പിനോടാനുബന്ധിച്ചു നോമ്പെടുക്കുകയും വി. കുർബാനയിൽ പങ്കെടുക്കുകയു ചെയ്തു. അഗതിമന്ദിരത്തിലേക്കാവശ്യമായ വസ്ത്രം, പണം എന്നിവ ശേഖരിച്ചു നൽകി. മാർ ജോസഫ് കല്ലറങ്ങട്ട് പിതാവിന്റെ പ്രസംഗത്തെ പിന്തുണച്ചുകൊണ്ട് മാതൃവേദി എക്സിക്യുട്ടീവ് കൂടി ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**അടയ്ക്കാത്തോട്:** ആരാധന, കൊന്ത നമസ്കാരം എന്നിവ നടത്തി. ഡയാലിസിസ് രോഗിയെ സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ഒരു കുട്ടിക്ക് രക്തം ആവശ്യമായി വന്നപ്പോൾ മാതൃവേദി അംഗങ്ങൾ രക്തം കൊടുക്കുവാൻ മുന്നോട്ടുവന്നു. കൊറോണ രോഗിയുടെ വീട് സന്ദർശിച്ച് അവർക്ക് വേണ്ട സാധനങ്ങൾ എത്തിച്ചു കൊടുത്തു

**നെല്ലിയോടി:** വിയാനി പുണ്യവാന്റെ തിരുന്നാൾ ദിനത്തിൽ വികാരിയച്ചന് വേണ്ടി പ്രാർത്ഥിച്ചു. ആശംസകൾ നേർന്നു. സാഹിത്യരചനാമത്സരത്തിൽ മിനി പാലുകുന്നേൽ പങ്കെടുത്തു. (കവിയരങ്ങ്)

15 നോമ്പ് ആചരിക്കുകയും കുർബ്ബാനയിൽ പങ്കെടുക്കുകയും പതാക വന്ദനം നടത്തുകയും ചെയ്തു. 27-ാം തിയതി വി.മോനിക്കായുടെ തിരുനാൾ ദിനം കഴിയുന്നത്ര അമ്മമാർ കുർബ്ബാനയിൽ പങ്കെടുക്കുകയും തിരികൾ തെളിച്ചു പ്രതിജ്ഞ ചൊല്ലി അംഗത്വ നവീകരണം നടത്തി പ്രാർത്ഥിക്കുകയും ചെയ്തു.

**കേളകം:** ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും നടത്തി. ഒരു നിർദ്ദന രോഗിക്ക് ചികിത്സ സഹായമായി 1000 രൂപ നൽകി.

**ശാന്തിഗിരി:** വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. രചനാ മത്സരത്തിൽ പങ്കെടുത്തു.

**മരക്കടവ്:** സ്വാതന്ത്ര്യ ദിനവും, മാതാവിന്റെ സ്വർഗ്ഗാരോപണവും ആഘോഷിച്ചു. ഭ്രൂണഹത്യക്കെതിരെ കെ.സി.വൈ. എം. നോടൊപ്പം റാലി നടത്തി. ഇടവകയിലെ കുടുംബങ്ങൾക്ക് പച്ചക്കറിത്തൈ വിതരണം നടത്തി. വിശുദ്ധ മോനിക്ക, വിശുദ്ധ എവുപ്രാസിയാമ്മ, വിശുദ്ധ അഗസ്റ്റിൻ എന്നിവരുടെ തിരുനാൾ ആഘോഷിക്കുകയും മധുര പലഹാരങ്ങൾ വിതരണം നടത്തുകയും ചെയ്തു. പോൾ മുണ്ടോളികൾ അച്ചൻ നയിച്ച വിശുദ്ധ വഴികൾ എന്ന വെബിനാറിൽ അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. നിർദ്ദനമായ ഒരു കുടുംബത്തിന് കൈത്താങ്ങായി ഓണക്കോടി നൽകി. സി.എം. എൽ. അംഗങ്ങളോടൊപ്പം വൃദ്ധ സദനിൽ പച്ചക്കറിതൈകൾ നട്ടു.സി.എം.എൽ. അംഗങ്ങൾക്ക് ഫണ്ട് ശേഖരണാർത്ഥം, സോപ്പുപൊടി, ഡിഷ് വാഷ്, ഹാർപിക്, ഹാൻഡ് വാഷ് എന്നിവ ഉണ്ടാക്കാൻ അമ്മമാർ സഹായിച്ചു. ഇടവകതലത്തിൽ നടത്തിയ ക്വിസ് പ്രോഗ്രാമിൽ അമ്മമാർ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

**കയ്യൂന്നി:** ഇടവകയിൽ സേവനം ചെയ്യുന്ന വൈദീകരേയും മുൻ വൈദീകരേയും വിളിച്ച് ആശംസകൾ നേർന്നു. വിവാഹം നടക്കാത്ത യുവാക്കന്മാർക്കുവേണ്ടി ആരാധന നടത്തി. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. സമ്മാനർഹരായവരെ ആദരിച്ചു. മാതാ

വിന്റെ സ്വർഗ്ഗരോപണ തിരുനാൾ, സ്വതന്ത്ര്യ ദിനാഘോഷം എന്നിവ നടത്തി. ചെയിൻ റോസറി നടത്തി. ഏകദിന ബൈബിൾ പാരായണം, ഒരു മണിക്കൂർ വചന വായന എന്നിവ നടത്തി.

**വാളേരി:** രൂപതാ നിർദ്ദേശമനുസരിച്ചുള്ള സാഹിത്യരചനാ മത്സരത്തിൽ പങ്കെടുത്തു. മാതാവിന്റെ രൂപം അലങ്കരിച്ചതിന് മേഖലയിൽ നിന്നും ഫസ്റ്റ് ലഭിച്ച റീജ ആടുകുഴിയിലിന് ഇടവകയിൽ നിന്നും സമ്മാനം നൽകി. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിന് ഒരുക്കമായി അമ്മമാർ 15 നോമ്പ് നോക്കുകയും ദേവാലയത്തിൽ മാതാവിന്റെ തിരുസ്വരൂപം പ്രത്യേകമായി അലങ്കരിച്ച് കാഴ്ച സമർപ്പണത്തോടെ തിരുന്നാൾ ദിവ്യബലിയിൽ സജീവമായി പങ്കെടുത്ത് മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചു. തിരുവോണ ദിവസം പൂക്കളമത്സരം നടത്തി. സാഹിത്യരചനാ മത്സരത്തിലും പൂക്കള മത്സരത്തിലും പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

**മരകാവ്:** യുവജനങ്ങളെ ആദരിച്ചു, അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. വി. മോണിക്കയുടെ തിരുനാൾ സമുചിതമായി ആചരിക്കുകയും യുവദമ്പതികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മാനസിക-ശാരീരിക ദൗർബല്യങ്ങൾ നേരിടുന്നവർക്ക് വേണ്ടി ജപമാല ചൊല്ലി. വിദ്യാഭ്യാസ സഹായം നൽകി.

**കുറുമ്പാല:** വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി നടത്തി. സെമിനാരി വിദ്യാർത്ഥികൾക്കായി 9000 രൂപ നൽകി. പഠന സഹായമായി ഒരു നിർദ്ദന വിദ്യാർത്ഥിക്ക് 8300 രൂപയുടെ മൊബൈൽ ഫോൺ നൽകി. വി. മോനിക്കയുടെ ചരിത്രം വീഡിയോ ആക്കി അമ്മമാരിൽ എത്തിച്ചു. രോഗിസന്ദർശനം നടത്തി. ഓണം ആഘോഷിച്ചു.

**നരിവാലമുണ്ട:** സി.ബി.എസ്.ഇ.10, +2 ഉന്നത വിജയം നേടിയ കുട്ടികളെ അഭിനന്ദിച്ച് പോസ്റ്റർ തയ്യാറാക്കി. വിധേയത്വം-മേഖലാ നിർദ്ദേശമനുസരിച്ച് ഉപവാസ പ്രാർത്ഥന ദിനം ആചരിച്ചു ഓൺലൈൻ ആരാധനയിൽ പങ്കുചേർന്നു. ജീവന്റെ സംരക്ഷണ ദിനത്തിൽ കൊല്ലപ്പെട്ട ശിശുക്കൾക്ക് വേണ്ടി ഒരു കരുണ കൊന്ത ചൊല്ലി. പോസ്റ്റർ തയ്യാറാക്കി. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ദേശഭക്തി ഗാനം ആലപിച്ച് സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്തു. 60 വയസ്സിന് മുകളിൽ പ്രായമുള്ള അമ്മമാർക്കായി ദേശീയ ഗാനമത്സരം നടത്തി. ഫുഡ് കുക്കിംഗ് മത്സരം

നടത്തി. ഇടവകയിലെ സാൻജോസ് മീഡിയയുടെ കൈകോർത്ത് 'സ്വതന്ത്ര മാതാ' എന്ന പേരിൽ മ്യൂസിക്കൽ ആൽബം തയ്യാറാക്കി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് മറിയത്തിന് സ്തോത്രഗീതം അമ്മമാർ ആലപിച്ച വീഡിയോ തയ്യാറാക്കി. ബഥാനിയ പ്രാർത്ഥന- ഇടവകയിൽ നിന്നും മരണം മൂലം വേർപിരിഞ്ഞ രണ്ട് അമ്മമാരുടെ ആത്മശാന്തിക്കായി വിശുദ്ധ കുർബാന അർപ്പിച്ചു. വിശുദ്ധ മോനിക്കയുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ ഏകസ്ഥയായ ഒരു സഹോദരിക്ക് സമ്മാനം നൽകി. അന്നേദിവസം അമ്മമാർ ഉപവസിച്ചു പ്രാർത്ഥിച്ചു.

**മഞ്ഞൂറ:** കൽപ്പറ്റ ഗവൺമെന്റ് ഹോസ്പിറ്റലിൽ ഉച്ചഭക്ഷണം തയ്യാറാക്കി കൊടുത്തു. മാതാവിന്റെ ജനന തിരുനാളിന് ഒരുക്കമായി അമ്മമാർ വി. കുർബാനയിലും ജപമാലയിലും പങ്കെടുത്തു. മാതാവിനെക്കുറിച്ചുള്ള ക്വിസ്സ് മൽസരം നടത്തി.

**പുതിയിടം:** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചാം തീയതി വരെ സാധിക്കുന്ന അമ്മമാരെല്ലാം നോമ്പെടുത്ത് കുർബാനയിൽ പങ്കുചേർന്നു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 'നാം സ്വപ്നം കാണുന്ന ഇന്ത്യ' എന്ന വിഷയത്തെ കുറിച്ച് മുതിർന്നവർക്കും കുട്ടികൾക്കും പ്രസംഗ മത്സരം, കൊളാഷ് എന്നിവ നടത്തി.

**കരിമാനി:** പരി. അമ്മയുടെ തിരുനാളിനൊരുക്കമായി ജപമാല ചൊല്ലി വിവിധ നിയോഗങ്ങൾക്കായ് പ്രാർത്ഥിച്ചു. തിരുസ്സന്നിധിയിൽ പകർച്ചവ്യാധിയിൽനിന്നുള്ള മോചനത്തിനായ് പ്രാർത്ഥിച്ചു. വിയാനിദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്നവരേയും സേവനം ചെയ്തവരേയും പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും ആശംസകൾ അറിയിക്കുകയും വീഡിയോ തയ്യാറാക്കുകയും ചെയ്തു. പരി. അമ്മയുടെ തിരുനാളും സ്വാതന്ത്ര്യദിനവും ആഘോഷിച്ചു. അമ്മമാർ വി.ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. കാഴ്ചസമർപ്പണം നടത്തി. വി.മോനിക്ക, വി.എവുപ്രാസ്യാമ്മ എന്നിവരുടെ തിരുനാൾ ദിനത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. സാഹിത്യ രചനാ മത്സരത്തിൽ ഉപന്യാസം, ചിത്രരചന ഇവയിൽ പങ്കെടുത്തു.

**തരിയോട്:** പരി. അമ്മ, വി. ജോൺവിയാനി, വി. മോനിക്ക, വി. എവുപ്രാസ്യാ, വി. ക്ലാര, വി. റോസ വി. അഗസ്റ്റ്യൻ എന്നീ വിശുദ്ധരുടെ തിരുനാളുകൾ സമുചിതമായി ആഘോഷിച്ചു. ബഹു. മാത്യു കാട്ടറാത്തച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

**കുറുമണി:** ഇടവകയിൽ മൃതിയടഞ്ഞ ആദ്യകാല മാതൃവേദി യംഗത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റിന് ആശംസകൾ അറിയിച്ചു. +2 വരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. വി. മോനിക്ക, വി. എവുപ്രാസ്യാ എന്നിവരുടെ തിരുനാളുകൾ ആചരിച്ചു. പാലിയേറ്റീവ് കെയർ യൂണിറ്റിൽ ചികിത്സ സഹായം നൽകി.

**പൂക്കോട്ടുംപാടം:** മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന് ഒരുക്കാമായി ജപമാല ചൊല്ലി  വി.മോനിക്ക, വി. എവുപ്രാസ്യ എന്നിവരുടെ തിരുനാൾ ആചരിച്ചു. ഗൂഗിൾ മീറ്റിലൂടെ എക്സിക്യൂട്ടീവ് കൂടി.

**ശിശുമല:** സാഹിത്യ രചനാ മത്സരത്തിൽ പങ്കെടുത്ത് സമ്മാനർഹരായവരെ ആദരിച്ചു. ജീവന്റെ സംരക്ഷണദിനത്തിൽ ജപമാല ചൊല്ലി. രോഗീസന്ദർശനം നടത്തി.

**കളത്തുവയൽ:** ശാഖ, മേഖല, രൂപതാതലത്തിൽ നടന്ന സാഹിത്യ രചനാ മത്സരത്തിൽ പങ്കെടുത്ത് സമ്മാനാർഹരായവരെ ആദരിച്ചു. മാതാവിന്റെ തിരുനാൾ ദിനത്തിൽ പ്രസംഗമത്സരം നടത്തി. +2 വിന് ഫുൾ A+ കിട്ടിയ കുട്ടികളെ ആദരിച്ചു. എല്ലാ കോവിഡ് രോഗികൾക്കുംവേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**വാഴവറ്റ:** സാഹിത്യ രചനാ മത്സരത്തിൽ പങ്കെടുത്ത് സമ്മാനാർഹരായവരെ ആദരിച്ചു. യുവജനദിനത്തോടനുബന്ധിച്ച് യുവതിയുവാക്കളെ ആദരിച്ചു. കൊളാഷ്, ഓണപ്പാട്ട് എന്നീ മത്സരത്തിൽ പങ്കെടുത്തു. വി. ജോൺവിയാനി, വി. മോനിക്ക എന്നിവരുടെ തിരുനാൾ സമുചിതമായി ആചരിച്ചു.

**കോട്ടത്തറ:** വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു. വികാരിയച്ചന് ആശംസകൾ നേർന്നു. ജീവ വൃക്ഷത്തിലെ കുരുവികൾ എന്ന വെബിനാറിൽ 15 വർഷം പൂർത്തിയാക്കിയ ദമ്പതികൾ പങ്കെടുത്തു. സെമിനാരി വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകി. കർഷക ദിനത്തിൽ കർഷകരെ ആദരിച്ചു. വി. എവുപ്രാസ്യായുടെ തിരുനാൾ ദിനത്തിൽ കൈനാട്ടി ഗവ. ഹോസ്പിറ്റലിൽ 75 പേർക്ക് പൊതിച്ചോറ് നലകി.

**ഫാ. ജോജോ കുടക്കച്ചിറ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

സെപ്റ്റംബർ 4 ന്, സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ വൈകിട്ട് 6.45 മുതൽ 8.00 വരെ ഓൺലൈനായി നടത്തി. അസി. ഡയറക്ടർ ബഹു ഫാ. പ്രിൻസ് തെക്കേതിൽ വിശുദ്ധജീവിതത്തിന്റെ വിലയെപ്പറ്റി വചനം പങ്കുവച്ചു, ആരാധന നടത്തി. സി. അന്ന FCC, ബ്ര. ബിജു പുളിക്കൽ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

മാതാവിന്റെ പിറവിതിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ പരി. അമ്മയെക്കുറിച്ച് 'അമ്മയോടൊപ്പം എട്ടുനാൾ' എന്ന പേരിൽ വചനശുശ്രൂഷ ചെയ്തു. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. പ്രിൻസ് തെക്കേതിൽ ഫാ. സോണി വാഴകാട്ട്, സി. നിർമ്മല SH, സി. മെറീന FCC, സി. ജാൻസി SABS, സി. ലിസ SKD, സി. അന്ന FCC എന്നിവർ നേതൃത്വം നൽകി.

എല്ലാ ഞായറാഴ്ചയും റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. സോണി വാഴകാട്ട് റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർ ഓൺലൈനായി വചന വിചിന്തനങ്ങൾ പങ്കുവെച്ചു.

എല്ലാവെള്ളിയാഴ്ചയും 10.30 am മുതൽ 11.00 am സിയോൻ ശുശ്രൂഷകരുടെ ഓൺലൈൻ പ്രാർത്ഥനയും തുടർന്ന് 12.30 വരെ ആരാധനയും നടത്തി.

മുൻകൂട്ടി ബുക്ക് ചെയ്തിട്ടുള്ള Spiritual sharing നായും കുമ്പസാരത്തിനായും ധാരാളം പേർ ഈ ദിവസങ്ങളിൽ ധ്യാനകേന്ദ്രത്തിൽ എത്തി.

ഒക്ടോബർ മാസം 1 മുതൽ 31 വരെ' ജപമാല രാജ്ഞിക്ക് ഒരു വചനമാല' എന്ന പേരിൽ എല്ലാ ദിവസവും സിയോൻ ശുശ്രൂഷകരുടെ നേതൃത്വത്തിൽ രണ്ടുമിനിറ്റ് മാത്രം ദൈർഘ്യമുള്ള വചനശുശ്രൂഷ ഓൺലൈൻ ആയി നടത്താൻ പ്ലാൻ ചെയ്തു. Zion CRC Dwaraka എന്ന യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

**NB:**

*അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ ഒക്ടോബർ 2 ന് വൈകിട്ട് 6.45 pm മുതൽ 8.00 pm വരെ ഓൺലൈൻ ആയി നടത്തുന്നതാണ്.

നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് spiritual sharing നും കുമ്പസാരത്തിനും സൗകര്യം ഉണ്ടായിരിക്കും

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

## സാമൂഹ്യ സേവനരംഗം (WSSS)

**കേന്ദ്ര ടെക്സ്റ്റൈൽസ് ആൻഡ് ഹാൻഡിക്രാഫ്റ്റ്സ് വകുപ്പ് പദ്ധതി നിർവ്വഹണ ഏജൻസി ആയി തിരഞ്ഞെടുത്തു.**

കഴിഞ്ഞ 47 വർഷത്തോളമായി സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുന്ന മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ കേന്ദ്ര ടെക്സ്റ്റൈൽസ് ആൻഡ് ഹാൻഡിക്രാഫ്റ്റ്സ് വകുപ്പ് അവരുടെ വിവിധ പരിശീലനങ്ങൾ നൽകുന്നതിനുള്ള പദ്ധതി നിർവ്വഹണ ഏജൻസി ആയി തിരഞ്ഞെടുത്തു. ഇതിലൂടെ വിവിധ സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന 18 മുതൽ 45 വയസ്സു വരെ പ്രായമുള്ളവർക്ക് വിവിധ വിഷയങ്ങളിൽ വിദഗ്ദ പരിശീലനം നൽകുവാനും സംരംഭം തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങൾ സൗജന്യമായി വിതരണം നടത്തുവാനും സാധിക്കും. നിലവിൽ കേന്ദ്ര സർക്കാരിന്റെ തന്നെ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സാങ്കേതിക പരിശീലനങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്നുണ്ട്. തുടക്കത്തിൽ മുളയുൽപ്പന്ന നിർമ്മാണം, വാഴ നാരുകൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം, കാപ്പി തടിയിൽ കൊത്തുപണികൾ, ഡ്രൈ ഫ്ളവർ നിർമ്മാണം, ചിരട്ടകൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കളിമൺ പാത്ര നിർമ്മാണം, ഹാൻഡ് എംബ്രായ്ഡറി എന്നിവയിൽ ഒരു മാസം മുതൽ മൂന്ന് മാസം വരെ പരിശീലനം നൽകുവാൻ ആണ് ലക്ഷ്യമിടുന്നത്. അടുത്ത മൂന്ന് വർഷക്കാലം പരിശീലനം നടത്തുവാനുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽ നിന്നും ഇപ്പോൾ ലഭിച്ചിട്ടുള്ളത്. മേൽ പറഞ്ഞ പരിശീലനങ്ങളിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പേര് രജിസ്റ്റർ ചെയ്യണമെന്നും കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരിശീലനങ്ങൾ നടത്തുവാൻ സർക്കാർ അനുമതി നൽകുന്ന മുറക്ക് പരിശീലനങ്ങൾ ആരംഭിക്കുന്നതാണെന്നും വയനാട് സോഷ്യൽ സർവ്വീസ്

സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അറിയിച്ചു.

**ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നു.**

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇനിയുള്ള മുഴുവൻ പ്രവർത്തനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുവാൻ തീരുമാനമെടുത്തു. ഔദ്യോഗിക പ്രഖ്യാപനം ഗ്രീൻ പ്രോട്ടോകോൾ രേഖ പ്രകാശനം ചെയ്തു കൊണ്ട് മാനന്തവാടി രൂപത വികാരി ജനറൽ മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ നിർവ്വഹിച്ചു. ഇതിന്റെ ഭാഗമായി ഇനിയുള്ള എല്ലാ പ്രവർത്തനങ്ങളിലും പ്ലാസ്റ്റിക്, ഫ്ളക്സ്, ഡിസ്പോസിബിൾ പാത്രങ്ങൾ എന്നിവ ഒഴിവാക്കുവാനും ജലം, വൈദ്യുതി, പേപ്പർ എന്നിവയുടെ ഉപയോഗം നീതിപൂർവ്വകം ആക്കുവാനും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുവാനും ജൈവമാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റിലൂടെ സംസ്ക്കരിക്കുവാനും ക്യാമ്പസ് കൂടുതൽ ഹരിതാഭമാക്കുവാനും ഗ്രീൻ പ്രോട്ടോകോൾ സന്ദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുവാനും തീരുമാനിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബോയ്സ് ടൗൺ ഡയറക്ടർ റവ. ഫാ. ബാബു ചക്കിയത്ത് എന്നിവർ സംസാരിച്ചു. ഇതോടനുബന്ധിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങൾക്ക് വേണ്ടി നടത്തിയ പരിശീലനത്തിൽ പ്രോഗ്രാം ഓഫീസർ ജോസ് പി. എ. വിഷയാവതരണം നടത്തി. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന് റവ. ഫാ. പോൾ കൂട്ടാല, റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പി. എ. ജോസ്, സിസ്റ്റർ അനിലിറ്റ്, റോബിൻ ജോസഫ്, ജുബിൻ അഗസ്റ്റിൻ, ജിസ് ബേബി, ജോജോ ജെയിംസ്, ഷെർമിൽ ഷിബു, ജാൻസി ജിജോ എന്നിവർ അടങ്ങുന്ന ഗ്രീൻ പ്രോട്ടോകോൾ നിർവ്വഹണ കമ്മിറ്റിക്ക് രൂപം നൽകി. കേരളത്തിലെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കേരള സോഷ്യൽ സർവ്വീസ് ഫോറം ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം നൽകും.

## മാനന്തവാടി രൂപത സുവർണ്ണ ജൂബിലി ഭവനനിർമ്മാണ പദ്ധതി

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി മാനന്തവാടി രൂപതയിലെ 35 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. നമ്മുടെ രൂപതയിലെ ഇടവകകളിൽ നിന്നും തീർത്തും അർഹരായ പാവപ്പെട്ട കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. നിർമ്മിക്കേണ്ട വീടിന്റെ പ്ലാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി /ബയോവിൻ അഗ്രോ റിസേർച്ച് നൽകുന്നതാണ്. ഭവന നിർമ്മാണത്തിന് ആവശ്യമായ അടിസ്ഥാന കാര്യങ്ങൾ (തറ നിരപ്പാക്കൽ, തറ നിർമ്മാണം, ലൈസൻസ് അനുമതികൾ വാങ്ങൽ, വൈദ്യുതി, വെള്ളം, കക്കൂസിനുള്ള കുഴി നിർമ്മാണം, നിർമ്മാണ വസ്തുക്കൾ സ്ഥലത്ത് എത്തിക്കൽ തുടങ്ങിയവ) ഗുണഭോക്താവ് തന്നെ പൂർത്തിയാക്കേണ്ടതാണ്. വീട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൂർണമായ ഉത്തരവാദിത്വം ഇടവക വികാരിക്ക് ആയിരിക്കും.

### അടിസ്ഥാന കാര്യങ്ങൾ

- പദ്ധതി കാലയളവ് - 2021 ഒക്ടോബർ 01 മുതൽ 2022 മാർച്ച് 31 വരെ
- ഗോൾഡൻ ജൂബിലി ഭവനത്തിന്റെ പരമാവധി വലിപ്പം 500 ചതുരശ്ര അടി ആണ്. വീടിന്റെ മേൽക്കൂര ഉറപ്പുള്ള സിമന്റ് കോൺക്രീറ്റ് (RCC) ആയിരിക്കണം
- എല്ലാ വീടുകളിലും സാനിറ്ററി ലാട്രിൻ, കുടിവെള്ള സൗകര്യം എന്നിവ ഉണ്ടായിരിക്കണം. നിർമ്മാണ സമയത്ത് ശരിയായ ശുചിത്വ സൗകര്യം ഉറപ്പാക്കണം
- ഓരോ വീടു നിർമ്മാണത്തിനും WSSS/Biowin സംഭാവന 5,00,000 രൂപ ആയിരിക്കും.
- സഹായ തുകയോടൊപ്പം വീട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രാദേശിക വിഭവങ്ങൾ സമാഹരിക്കാനുള്ള ഉത്തരവാദിത്വം പ്രാദേശിക ഇടവകകൾക്കാണ്

• ഏതെങ്കിലും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയില്ല.

• നൂറുശതമാനവും പുതിയ വീടുകൾ നിർമ്മിക്കുന്നതിന് മാത്രമാണ് സാമ്പത്തിക സഹായം നൽകുക. നവീകരണ പ്രവർത്തനങ്ങൾ, വിപുലീകരണ ജോലികൾ ഭാഗികമായി പൂർത്തിയാക്കിയ വീടുകൾ എന്നിവയ്ക്ക് അർഹതയില്ല.

വീട് നിർമ്മാണത്തിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായവരെ മാത്രം കണ്ടെത്തുവാൻ ശ്രദ്ധിക്കുമല്ലോ.

താഴെ പറയുന്ന 03 മാനദണ്ഡങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണം.

• മാനന്തവാടി രൂപതയിലെ ഇടവകകളിൽ നിന്നുള്ള ക്രിസ്ത്യൻ കുടുംബങ്ങളിൽപ്പെടുന്നവർ.

• അപേക്ഷകന് സ്വന്തമായി കുറഞ്ഞത് 05 സെന്റ് ഭൂമിയും പരമാവധി 01 ഏക്കറും ഉണ്ടായിരിക്കണം.

• ഗുണഭോക്താവ് ഫൗണ്ടേഷനും ബെൽറ്റ് ജോലിയും സ്വന്തം പൂർത്തിയാക്കണം (ഇത് ഗുണഭോക്തൃ വിഹിതമായി പരിഗണിക്കും).

താഴെ പറയുന്ന 07 മാനദണ്ഡങ്ങളിൽ രണ്ടെണ്ണമെങ്കിലും നിർബന്ധമായും പാലിച്ചിരിക്കണം. കൂടുതൽ അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്നവരെ ആയിരിക്കും പരിഗണിക്കുക.

• കുടുംബം നയിക്കുന്നത് വിധവ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ.

• ക്യാൻസർ/എച്ച്.ഐ.വി./എയ്ഡ്സ്/ക്ഷയരോഗം/കുഷ്ഠം എന്നീ മാരക രോഗങ്ങൾ ഉള്ള കുടുംബാംഗങ്ങൾ.

• ഭിന്നശേഷിയുള്ള കുടുംബാംഗം (കുറഞ്ഞത് 40% വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കററ് ആവശ്യമാണ്).

• 10 സെന്റ് ഭൂമിയോ അതിൽ താഴെയോ ഉള്ളത്.

• നാലോ അതിലധികമോ കുട്ടികളുള്ള കുടുംബങ്ങൾ (10 വയസ്സിനു താഴെയുള്ള ഒരാൾ).

• സെമിനാരിക്കാർ, സന്യസ്തർ ഉള്ള കുടുംബങ്ങൾ.

• മതാദ്ധ്യാപകർ, ദേവാലയ ശുശ്രൂഷിയുടെ കുടുംബം.

അപേക്ഷയുടെ യോഗൃത വിലയിരുത്തുമ്പോൾ ചുവടെയുള്ള മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണം

• ദാരിദ്രരേഖയ്ക്ക് താഴെ (BPL) കാർഡ് (അംഗീകൃത രേഖ ആവശ്യമാണ്).

• സാനിറ്ററി ലാട്രിൻ ഇല്ല.

• സുരക്ഷിതമായ കുടിവെള്ളം ലഭ്യമല്ല.

• അപര്യാപ്തമായ പാർപ്പിടം-വീടില്ലാത്ത, ഗുണനിലവാര മില്ലാത്ത മേൽക്കൂര,1 മുറി മാത്രം, മൺചുമരുകൾ തുടങ്ങിയവ.

**ആവശ്യമായ രേഖകൾ**

• അപേക്ഷാ ഫോറം

• വികാരിയച്ചന്റെ ശുപാർശ കത്ത്

• ഭൂമി രേഖ (അപേക്ഷകന്റെ പേരിൽ നികുതി അടച്ച രസീത്)

• സർട്ടിഫിക്കറ്റ് - ഗുണഭോക്താവ് ഭിന്നശേഷിയുള്ളയാളാണെങ്കിൽ

• പഞ്ചായത്ത് അംഗീകരിച്ച വീടിന്റെ പ്ലാൻ

• നിലവിലുള്ള വീടിനൊപ്പം കുടുംബത്തിന്റെ ഫോട്ടോ (വാടക വീടിന്റെ ഫോട്ടോ ആവശ്യമില്ല, എന്നാൽ കുടുംബത്തിന്റെ നില വിലുള്ള ജീവിതാവസ്ഥ വ്യക്തമാക്കുന്ന ഇടവക വികാരിയുടെ സാക്ഷ്യപത്രം)

• ഡബ്ല്യു എസ്എസ്എസ്/ ബയോവിൻ, ഗുണഭോക്താവ്, ഇട വക വികാരി എന്നിവർ തമ്മിൽ ഒപ്പുവെച്ചിട്ടുള്ള കരാർ

**സാമ്പത്തിക സഹായ വിതരണം**

• ആദ്യ ഗഡു 150000 രൂപ: ഫൗണ്ടേഷൻ പൂർത്തിയാക്കിയ ശേഷം

• രണ്ടാം ഗഡു 200000 രൂപ: ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം

• മൂന്നാം ഗഡു 100000 രൂപ : പ്രധാന കോൺക്രീറ്റിംഗ് (മേൽക്കൂര) നിർമ്മാണം പൂർത്തിയാക്കിയശേഷം

• നാലാം ഗഡു 50000 രൂപ : വീട് നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം (ഓരോ ഘട്ടം പൂർത്തീകരിച്ചതിന്റെ ഫോട്ടോ ഉൾപ്പെടെ അടുത്ത ഗഡുവിന് അപേക്ഷിക്കണം)

അപേക്ഷ 2021 സെപ്റ്റംബർ 30 ന് മുമ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിൽ ലഭിക്കേണ്ടതാണ്. അപേക്ഷകൻ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ആവശ്യമായ മുഴുവൻ രേഖകളും 2021 ഒക്ടോബർ 15 ന് മുമ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിൽ എത്തിച്ചുതരണം.

### ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2021-2022 വർഷത്തേയ്ക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി. അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന്ചേർന്നുകൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനം കാരണം സെന്ററുകൾ താത്ക്കാലികമായി അടച്ചിരിക്കയായിരുന്നല്ലോ. കോവിഡ്-19 ന്റെ വിലക്കുകൾ പിൻവലിച്ച് ഈ മാസം 27 മുതൽ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു

### ഈ കോഴ്സിന്റെ പ്രത്യേകതകൾ

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം  കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ,

സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വവികസന ക്ലാസ്സുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രി കളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേ ഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ ഒന്ന് മുതൽ ആറു മാസം വരെ ജോലി ചെയ്യുന്ന സ്ഥല ങ്ങൾക്ക് അനുസൃതമായി 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസ് നമ്പറായ 04935 240314 എന്ന നമ്പറിലോ ബന്ധപ്പെടുക.

## കേരളലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി മുന്നോട്ട് പോകുന്നു.

### ക്ഷേമപദ്ധതികൾ

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വ മെടുത്ത 05 അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് പെൻഷൻ ലഭിക്കാനുള്ള ക്രമീകരണം പൂർത്തിയാക്കി.

ഡിഗ്രി, നേഴ്സിംഗ് എന്നീ വിഭാഗങ്ങളിലായി ക്ഷേമനിധി അംഗങ്ങളുടെ മക്കളായ 07 വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാ ഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിച്ചു. പ്രസവാനുകൂല്യ ത്തിനും വിവാഹധന സഹായത്തിനും ഓരോ അപേക്ഷയും നൽകി. നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ പുതിയതായി 08 അപേക്ഷകൾ ലഭിച്ചു.

### സ്വാവലംബൻ

കേന്ദ്ര ഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ ചേർന്ന 16 പേർക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ഫണ്ട് തിരി ച്ച് കിട്ടാനുള്ള അപേക്ഷ സമർപ്പിച്ചു. 60 വയസ്സ് പൂർത്തിയായ 08 പേർക്ക് ഈ മാസം അവരുടെ ഫണ്ട് തിരികെ ലഭിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

തവിഞ്ഞാൽ, ഒഴക്കോടി, കല്ലോടി, കുറുക്കൻമൂല എന്നിവിടങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുകയും ബാങ്ക് അക്കൗണ്ട് എടുക്കുകയും പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. കാരിത്താസ് ഇന്ത്യയുടെ ഭാഗമായി ലഭിച്ച മാസ്കുകൾ എല്ലാ SWS യൂണിറ്റുകളിലും സംഘങ്ങളിലും വിതരണം ചെയ്തു.

കല്ലോടിയിൽ ഐശ്വര്യ, രശ്മി എന്നീ സംഘങ്ങൾ ഒന്നിച്ച് ചേർന്ന് കേക്ക് നിർമ്മാണം ആരംഭിക്കുകയും അവർക്ക് വേണ്ട കേക്ക് നിർമ്മാണ ട്രെയിനിംഗ് SWS ആനിമേറ്റർ ശ്രീമതി ഷീന ആന്റണി നൽകി. തവിഞ്ഞാൽ, മക്കികൊല്ലി എന്നിവിടങ്ങളിൽ സോപ്പ് ട്രെയിനിംഗ് നടത്തി. SWS മീറ്റിംഗുകൾ കരിമ്പിൽ, കല്ലോടി, പാറത്തോട്ടം, ചെറുകാട്ടൂർ, പയ്യംമ്പള്ളി, പടമല എന്നിവിടങ്ങളിൽ നടത്തുകയും തുടർ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുകയും ചെയ്തു. ആറാട്ടുത്തറ യൂണിറ്റിൽ നിന്നും ഒരു ആട്ടിൻകുട്ടിയെ കണിയാരം SWS ൽ ഉള്ള അംഗത്തിന് നൽകി.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 1000 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. ഓഗസ്റ്റ് മാസത്തിൽ 2,94,970 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള, കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, ക്രിത്രിമ രാസ കീടനാശിനികളും തീർത്തും ഒഴുവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉൽപന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ആഗസ്റ്റ് മാസം ജൈവ സാക്ഷിപത്രം പുതുക്കുന്നതിനായുള്ള വാർഷിക പരിശോധനയായിരുന്നു പ്രധാനമായും നടന്നത്.

**ജൈവ സാക്ഷ്യപത്രം പുതുക്കൽ**

ജൈവ കർഷകരുടെ ഉത്പന്നങ്ങൾ ആഭ്യന്തര- വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ വാർഷിക ഓഡിറ്റ് ഓഗസ്റ്റ് മാസം 15 ICS കളിൽ പൂർത്തീകരിച്ചു. ഇതുപോലെ 24 ICS കളിൽ ഓഡിറ്റ് നടന്നു. ശ്രീ. വിനീഷ് മാത്യു, ശ്രീ. ജോസ് പോൾ എന്നിവരുടെ നേതൃത്വത്തിൽ ലാൽകോൾ ഇസ്പെക്ഷൽ ഏജൻസിയിൽ നിന്നും ഓഡിറ്റ് ശ്രീ. സണ്ണി ആന്റണി, ശ്രീ. വിത്സൻ ശ്രീധരൻ, ശ്രീ. എൽദോ, അരുൺഘോഷ് എന്നിവർ കൃഷിയിടങ്ങളിൽ പരിശോധന നടത്തി. അവശേഷിക്കുന്ന 24 ICS സെപ്റ്റംബർ മാസത്തിൽ ഓഡിറ്റ് ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിനായുള്ള ക്രമീകരണങ്ങൾ ആരംഭിക്കുകയും ചെയ്തു.

**കാപ്പിതൈ വിതരണം**

വോഫെയിൽ അംഗങ്ങളായ കർഷകർക്ക് **C*R** ഇനത്തിൽ പെട്ട 50000 കാപ്പി തൈകൾ വിതരണം ചെയ്തു. ബോയ്സ് ടൗൺ നഴ്സറിയിൽ ഉദ്പാദിപ്പിച്ച കാപ്പി തൈകൾ 5 രൂപ നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്തത്. വിതരണോദ്ഘാടനം ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ നിർവഹിച്ചു. വോഫെ കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യു, ശ്രീ. ബിബിൻ ജോയ്, ശ്രീ. ഷാജി ജോസ്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**പരിശീലന പരിപാടി**

ആഗസ്റ്റ് 7-ാം തീയ്യതി ബയോവിൻ കോൺഫ്രൻസ് ഹാളിൽ വച്ച് - ഓർഗാനിക് സ്റ്റാൻഡേർഡ് - എന്ന വിഷയത്തിൽ **AEO** മാർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഓർഗാനിക് കൺസൾട്ടന്റ് ശ്രീ. സണ്ണി ആന്റണി ക്ലാസുകൾ നയിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ആഗസ്റ്റ് മാസത്തിലും കാപ്പി, കുരുമുളക്, വാഴപ്പഴം, തേങ്ങ, ഗ്രാമ്പു തുടങ്ങിയവ സംസ്കരിക്കുകയും മൂല്ല്യ വർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**നേത്രദാന പക്ഷാചരണം**

കാഴ്ച എന്ന പേരിൽ 36-ാമത് ദേശീയ നേത്രദാനവാരാചരണം നടത്തി. ആരോഗ്യ വകുപ്പ്, വയനാട് മെഡിക്കൽ കോളേജ്, ജില്ലാ അന്ധതാനിവാരണ സമിതി എന്നിവയുടെ നേതൃത്വത്തിൽ തത്സമയഫോൺ ഇൻ പരിപാടി, മാനന്തവാടി മെഡിക്കൽ കോളേജിലെ ഡോ. രമേശൻ നൽകിയ നേത്രദാനബോധവത്കരണ ക്ലാസ്സ്, ജില്ലാ ഓഫ്താൽമിക് കോഡിനേറ്റർ പി. ശ്രീകുമാർ നൽകിയ നേത്രദാനസന്ദേശം എന്നിവയും പ്രക്ഷേപണം ചെയ്തു. ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 8 വരെ നേത്രദാനപക്ഷാചരണം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പരിപാടികൾ പ്രക്ഷേപണം ചെയ്തത്.

**താങ്ങും തണലും**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രക്ഷേപണം ചെയ്യുന്ന സാമ്പത്തിക സാക്ഷരതാ പരിപാടിയായ താങ്ങും തണലും ആഗസ്റ്റ് 16 ന് ആരംഭിച്ചു.

**യംഗ് വാരിയർ**

യൂണിസെഫ്, യുവ, കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻസ് ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെ കോവിഡ് വാക്സിനേഷൻ ബോധവത്കരണ പരിപാടി യംഗ് വാരിയർ എന്ന പേരിൽ പ്രക്ഷേപണം ചെയ്തു.

**ഈ ടോക്സ്**

പകർച്ചവ്യാധി പ്രതിരോധബോധവത്കരണ പരിപാടിയായ ഈ ടോക്സിലൂടെ നിപ പ്രതിരോധബോധവത്കരണ പരമ്പര പ്രക്ഷേപണം ചെയ്തു.

**എന്റെ അധ്യാപകർ**

സെപ്റ്റംബർ 5 അധ്യാപകദിനത്തോടനുബന്ധിച്ച് എന്റെ അധ്യാപകർ എന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തു. സെപ്റ്റംബർ 1 മുതൽ 10 വരെ പ്രക്ഷേപണം ചെയ്ത പരിപാടിയിൽ ശ്രോതാ

ക്കൾ അവരുടെ പ്രിയപ്പെട്ട അധ്യാപകരേക്കുറിച്ചുള്ള ഓർമ്മകളും അനുഭവങ്ങളും പങ്കുവെച്ചു.

**പോഷണം ആയുസിനും ആരോഗ്യത്തിനും**

പോഷൺ മാസാചരണത്തിന്റെ ഭാഗമായി പോഷണം ആയുസിനും ആരോഗ്യത്തിനും എന്ന പേരിൽ പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**ഉയരെ**

ആഗസ്റ്റ് 29 ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ടോക്യോ ഒളിംപിക്സിൽ മെഡൽ ജേതാക്കളായ ഇന്ത്യൻതാരങ്ങളെയും പാരാലിംപിക്സിൽ മെഡൽ നേടിയവരേയും പരിചയപ്പെടുത്തി.

## PSEA വെബിനാർ

യൂണിസെഫിന്റെ നേതൃത്വത്തിൽ തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബിനാറിൽ റേഡിയോമാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, സിന്ധു ജസ്റ്റിൻ, വിജി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. സെപ്റ്റംബർ 1 ന് രാവിലെ 10 മണിമുതൽ 2 മണിവരെ വെബിനാറിൽ PSEA, POSH, POCSO എന്നിവയേക്കുറിച്ച് വിദഗ്ദർ ക്ലാസ്സ് എടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടികൾ**

**വിഷാദരോഗവും മാനസിക പ്രശ്നങ്ങളും**

വിഷാദരോഗവും മാനസിക പ്രശ്നങ്ങളും എന്ന വിഷയത്തിൽ ആഗസ്റ്റ് 26ന് തത്സമയ ഫോൺ ഇൻപരിപാടി സംഘടിപ്പിച്ചു. ഡോ. ഹരീഷ് കൃഷ്ണൻ (നോഡൽ ഓഫീസർ, ജില്ലാ മാനസികാരോഗ്യ പദ്ധതി വയനാട്) ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**നേത്രപരിചരണവും നേത്രദാനവും**

നേത്രപരിചരണവും നേത്രദാനവും എന്ന വിഷയത്തിൽ ആഗസ്റ്റ് 28 ാം തിയ്യതി ജില്ലാ ഓഫ് താൽമിക് സർജൻ ഡോ. എം.വി. റൂബിയുടെ നേതൃത്വത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പിന്നോക്ക വിഭാഗവികസന പദ്ധതി, സ്വയം തൊഴിൽ ആനുകൂല്യങ്ങൾ അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ തത്സമയ ഫോണിൽ പരിപാടി സംഘടിപ്പിച്ചു. സെപ്റ്റംബർ മൂന്നാം തിയതി രണ്ടു മണി മുതൽ 3 മണി വരെ സംഘടിപ്പിച്ച പരിപാടിയിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മാനന്തവാടി ഉപജില്ല മാനേജർ രവീന്ദ്രൻ കെ. മാനന്തവാടി ഉപജില്ല

സീനിയർ അസിസ്റ്റന്റ് ബിന്ദു വർഗീസ് എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**കോവിഡിന് ശേഷം ഫിസിയോതെറാപ്പി**

കോവിഡിന് ശേഷം ആരോഗ്യം വീണ്ടെടുക്കാൻ ഫിസിയോതെറാപ്പി എന്ന വിഷയത്തിൽ തൽസമയ ഫോണിൽ പരിപാടി സംഘടിപ്പിച്ചു. സെപ്റ്റംബർ 8-ാം തിയതി 3 മണി മുതൽ നാലു മണി വരെ സംഘടിപ്പിച്ച പരിപാടിയിൽ ഡോക്ടർ ദിവ്യ എസ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ഓണം**

റേഡിയോ മാറ്റൊലി ടീം ഓണാഘോഷം സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ വിശിഷ്ടാതിഥി ആയിരുന്നു.

**ടീം മീറ്റിംഗ്**

ആഗസ്റ്റ് 17ന് ടീം മീറ്റിംഗ് നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

കൊവിഡ് മഹാമാരി നമ്മുടെ അനുദിന ജീവിതത്തെ പിടിച്ചുലയ്ക്കുമ്പോഴും സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**പുതിയ ട്രെയിനിങ് സെന്ററിന്റെയും ചാപ്പലന്റെയും ഉദ്ഘാടനം**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭാവി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച ട്രെയിനിഗ് സെന്ററിന്റെയും ചാപ്പലിന്റെയും വെഞ്ചരിപ്പും ഉദ്ഘാടനവും മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ. ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു. നാളുകളായുള്ള കൂട്ടായ പരിശ്രമത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി സാക്ഷാത്കരിക്കപ്പെട്ട ഈ സെന്റർ നീലഗിരി പ്രദേശത്തെ ക്രിസ്തീയ കാരുണ്യത്തിന്റെ മുഖമായി മാറട്ടെ എന്ന് അഭിവന്ദ്യ പിതാവ് ആശംസിച്ചു. മാനന്തവാടി രൂപതാഗംങ്ങൾ ആയ നീലഗിരിയിലെ ദൈവജനത്തിന്റെ അജപാലനപരമായ ആവശ്യങ്ങൾക്കുള്ള റീജിയണൽ സെന്റർ ആയും പുതിയ ഓഫീസ് പ്രവർത്തിക്കും. സെപ്റ്റംബർ 13 രാവിലെ 9.30 മണിക്ക് നീലഗിരി റീജിയണിലെ വൈദികർക്കും സമർപ്പിതർക്കുമായുള്ള മാസധ്യാനത്തോടെ പരിപാടികൾ ആരംഭിച്ചു. വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ധ്യാന ചിന്തകൾ പങ്കുവെച്ചു.തുടർന്ന് നടന്ന ആഘോഷപൂർവ്വകമായ ദിവ്യബലിക്കും വെഞ്ചരിപ്പ് കർമ്മങ്ങൾക്കും അഭിവന്ദ്യ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എല്ലാവരെയും തിരുകർമ്മങ്ങളിലേക്ക് ഔദ്യോ

ഗികമായി സ്വാഗതം ചെയ്തു. റീജിയണിലെ എല്ലാ വൈദികരും സഹകാർമികരായിരുന്നു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് NDS ബർസാർ ഫാ.അനീഷ് ആലുങ്കൽ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ.പോൾ മുണ്ടോളിക്കൽ അധ്യക്ഷനായിരുന്നു. നീലഗിരി റീജിയൺ ഡയറക്ടർ ഫാ. വിൻസൻറ്റ് കളപ്പുര, ബയോവിൻ ഡയറക്ടർ ഫാ.ജോൺ ചൂരപ്പുഴ, അരുൾനിലയം സി.എം.ഐ. ആശ്രമ ഡയറക്ടർ ഫാ. ചാക്കോ ഇല്ലിപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റി എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. സ്നേഹ വിരുന്നോടെ പരിപാടികൾ അവസാനിച്ചു.

**സിൻജെല്ല ഫൗണ്ടേഷനുമായുള്ള പ്ലാനിങ് മീറ്റിംഗ്**

കാർഷിക വിളകളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനവും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി സ്വിട്സർലാൻഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന സിൻജെല്ല ഫൗണ്ടേഷനുമായി ചേർന്ന് NDS, നീലഗിരിയിലെ ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ 65000 ത്തോളം വരുന്ന ചെറുകിട തേയില കർഷകരുടെ വരുമാനവും ഉത്പാദനവും മെച്ചപ്പെടുത്തുവാൻ ഉള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. ഇതിന്റെ ആദ്യഘട്ട ചർച്ചകൾ NDS ഓഫീസിൽ വെച്ച് നടന്നു. ഡയറക്ടർ ഫാ. ബിനോയ് NDS ന്റെ പ്രവർത്തനങ്ങൾ സിൻജെല്ല പ്രതിനിധിക്ക് വിവരിച്ചു കൊടുത്തു. ചെറുകിട കർഷക പ്രതിനിധികൾ അവർ നേരിടുന്ന വെല്ലുവിളികൾ വിശദമാക്കി. സിൻജെല്ല ഫൗണ്ടേഷനെ പ്രതിനിധീകരിച്ചു വന്ന ശ്രീ.കേശവ് അവർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ കർഷക പ്രതിനിധികൾക്ക് വിശദീകരിച്ചു കൊടുത്തു. കർഷക പ്രതിനിധികളായ കെ.വി.ജോർജ്, സജീവ്, എബി രാജ്, അരുൾദാസ് എന്നിവർ പങ്കെടുത്തു. തുടർ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കാൻ ഉടനെ വിപുലമായ മീറ്റിംഗ് കൂടാനും തീരുമാനിച്ചു.

**യുവാക്കൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധന സഹായം നൽകുന്ന ഗവണ്മെന്റ് പദ്ധതികളെ പരിചയപ്പെടുത്തൽ**

തമിഴ്നാട് സംസ്ഥാന തൊഴിൽ വാണിജ്യ മന്ത്രാലയങ്ങളുടെ ആഭിമുഖ്യത്തിൽ യുവാക്കൾക്ക് സ്വയംതൊഴിൽ തുടങ്ങുന്നതിനുള്ള ഗവണ്മെന്റ് ധനസഹായപദ്ധതികളെ പരിചയപ്പെടുത്തുന്ന സെമിനാർ NDS ൽ വെച്ച് സംഘടിപ്പിച്ചു. നീലഗിരി ജില്ലാ ഇൻഡസ്ട്രീസ് സെന്റർ ആണ് സെമിനാറിന് നേതൃത്വം നൽകിയത്. The New Entrepreneur Cum Enterprise Development Scheme (NEEDS), Unemployed Youth Employment Generation Programme (UYEGP), Prime Minister's Employment Generation Programme (PMEGP) എന്നീ പദ്ധതികൾ വഴിയുള്ള ധനസഹായ സാധ്യതകൾ യുവതി യുവാക്കൾക്ക് പരിചയപ്പെടുത്തി. സ്വയം തൊഴിൽ തുടങ്ങുന്നതിനു സബ്സിഡിയോടു കൂടി 2 ലക്ഷം മുതൽ 2 കോടി വരെ സർക്കാർ ധനസഹായം ലഭിക്കുന്നതാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് 25 ശതമാനവും പിന്നോക്ക വിഭാഗങ്ങൾക്ക് 35 ശതമാനവും ആണ് സബ്സിഡി ലഭിക്കുക. ഏതൊക്കെ തൊഴിൽ സംരംഭങ്ങളാണ് ഈ പദ്ധതികളുടെ കീഴിൽ വരിക, എപ്രകാരം അപേക്ഷിക്കണം, പ്രൊജക്റ്റ് പ്രൊപ്പോസൽ, ബഡ്ജറ്റ് എന്നിവ എപ്രകാരം തയ്യാറാക്കണം എന്നിവയെല്ലാം സെമിനാറിൽ വിശദീകരിച്ചു. നീലഗിരി ജില്ലാ ഇൻഡസ്ട്രീസ് സെന്റർ അസിസ്റ്റന്റ്എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഭുവനേഷ്, ഓഫീസ് അസിസ്റ്റന്റ് ശ്രീ. ജഗൻ, ഇന്ത്യൻ ബാങ്ക് ഗൂഡല്ലൂർ ബ്രാഞ്ച് മാനേജർ ശ്രീ സൂര്യകുമാർ എന്നിവർ ക്ലാസുകൾ നയിച്ചു .

**ആനിമേറ്റേഴ്സ് മീറ്റിങ്**

NDS യൂണിറ്റ് ആനിമേറ്റർ സിസ്റ്റേഴ്സിന്റെ മീറ്റിംഗ് സെപ്റ്റംബർ 11നു NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു NDS മേഖലാ കോഡിനേറ്റർ ശ്രീ. ലിൻറ്റോ ജോൺ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അധ്യക്ഷനായിരുന്നു. യൂണിറ്റുകളുടെയും ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ കുറേകൂടി സജീവമാക്കുവാനും ഓരോ പ്രദേശത്തെയും ആവശ്യങ്ങൾക്കനുസ്രുതമായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കാനും അച്ചൻ ആഹ്വാനം ചെയ്തു. കോവിഡ് മഹാമാരിയുടെ

അനന്തര ഫലങ്ങൾ ഇപ്പോഴും പലരീതിയിൽ ജനങ്ങളെ ബാധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ ഇടപെടലുകളും അർഹിക്കുന്നവർക്ക് സഹായങ്ങൾ ചെയ്യുവാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്താൻ അച്ചൻ നിർദ്ദേശം നൽകി. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ.അനൂപ് കൊല്ലംകുന്നേൽ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ മീറ്റിംഗ് അവസാനിച്ചു.

**'ഞങ്ങളുടെ കൂടെ' - ഭക്ഷ്യ കിറ്റ് വിതരണം.**

നീലഗിരി ഡെവലൊപ്‌മെന്റ് സൊസൈറ്റി സൂചി ഫൗണ്ടേഷൻ തായ്‌വാൻ, സ്നേഹ ഫൗണ്ടേഷൻ ബാംഗ്ലൂർ എന്നീ സന്നദ്ധ സംഘടനകളുമായി ചേർന്ന് കോവിഡ് രണ്ടാം തരംഗ ലോക്ഡൗൺ മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് 1000 രൂപ മൂല്യമുള്ള അവശ്യവസ്തുക്കൾ അടങ്ങിയ ഭക്ഷ്യ ധാന്യകിറ്റുകളുടെയും മെഡിക്കൽ അനുബന്ധ വസ്തുക്കളുടേയും മൂന്നാം ഘട്ട വിതരണത്തിന്റെ ഭാഗമായി ദേവാല ഹട്ടി പ്രദേശത്തെ കോളനിയിൽ 35 കിറ്റുകൾ വിതരണം ചെയ്തു. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി തൊള്ളായിരംകിറ്റുകളാണ് NDS ന്റെ നേതൃത്വത്തിൽ വിതരണം ചെയ്തത്. ഇതുവഴി ഏകദേശം 4500 ആളുകൾക്ക് ആശ്വാസമേകാൻ NDS ന് സാധിച്ചു.

**ഇവാലുവേഷൻ മീറ്റിംഗ്**

സെപ്റ്റംബർ മാസത്തിലെ ഇവാലുവേഷൻ മീറ്റിംഗ് സെപ്റ്റംബർ 11 നു കൽപ്ര പള്ളിയിൽ വെച്ച് നടത്തി. മേഖലാ കോഡിനേറ്റർ ശ്രീ. ലിൻറ്റോ ജോൺ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗ് എല്ലാ മാസവും കൃത്യമായി നടത്തണമെന്നും യൂണിറ്റിലെ എല്ലാ ഗ്രൂപ്പുകളിലും നിന്ന് ചുരുങ്ങിയത് 2 പേരെങ്കിലും പങ്കെടുക്കുന്നുണ്ടെന്ന് യൂണിറ്റ് ഭാരവാഹികൾ ഉറപ്പ് വരുത്തുകയും ചെയ്യണമെന്ന് അച്ചൻ നിർദ്ദേശിച്ചു. ഗാന്ധിജയന്തിയോടനുബന്ധിച്ചു ഗ്രൂപ്പുകൾ സേവന ദിനം ആചരിക്കണമെന്ന് നിർദ്ദേശം നൽകി. എല്ലാ യൂണിറ്റുകളിലും നിയമിക്കണമെന്ന് ഓർമ്മിപ്പിച്ചു. പനംചിറ ഇടവകയിൽ പുതിയ യൂണിറ്റ് തുടങ്ങുവാൻ ഉള്ള ക്രമീകരണങ്ങൾ ആരംഭിച്ചതായി

യോഗത്തെ അറിയിച്ചു. യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും മീറ്റിംഗിൽ അതിനെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. കോവിഡ് മഹാമാരിയുടെ ഈ നാളുകളിൽ ഇനിയും വ്യത്യസ്തമായ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ നീലഗിരി മേഖലയിലെ ജനമനസുകളിലേക്ക് ആശ്വാസത്തിന്റെയും, പ്രതീക്ഷയുടെയും കിരണം തെളിക്കുവാനും അതുവഴി അവരുടെ ജീവിത സാഹചര്യങ്ങളെ ഇനിയും മെച്ചപ്പെടുത്തുവാനും നീലഗിരി ഡെവലൊപ്മെന്റ് സൊസൈറ്റിക്ക് കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**August- September 2021**

- First semester degree examinations commenced on 8th September 2021.
- Ph.D. was awarded to Mr. Sudheesh C.S in Physical Education from Kannur University. He carried out his research under the guidance of Dr. Maria Martin Joseph, Principal of our college.
- IQAC organized a faculty enrichment programme for Assistant Professors on 17th and 18th August 2021. Dr. Thomas Monoth, Head of the Department of Computer Science was the resource person.
- Admission Cell of Mary Matha College in association with IQAC organized a webinar on the topic "Degree Admission in Kannur University" on 18th August 2021. Dr. Shaju P.P., Admission Nodal Officer of Mary Matha College was the resource person.
- IQAC organized an "Examination Clinic 2021" on 6th September 2021 for students attending first semester degree examinations. The session was led by Dr. Joseph K.J., Co-ordinator, Examination Committee.
- Sachin Lal M.S. and Anandhu V.R. of Computer Science Department got Campus Placement in INFOSYS and WIPRO respectively.
- Power Lifting Team of our College won the Runners up Trophy in Kannur University Inter Collegiate Power Lifting Championship (Women).

2. NSS

- Organized a National Webinar on "Basic Life Support" in association with IQAC on 14th Aug 2021.

- Conducted a Quiz competition in connection with Independence Day.
- Conducted a Patriotic Song Competition on Aug 15th in connection with Independence Day.
- Celebrated Onam through different activities.

3. Department of Physical Education

- Organised a Webinar on "Importance of Fitness and Wellness during the Pandemic" on 29th August 2021 in association with IQAC. Mr.Sreejith K., Assistant Professor, School of Physical Education and Sports Sciences, Kannur University was the resource person.

4. Department of Commerce

- Celebrated Onam with various cultural programmes on 21st August 2021. This departmental level programme was named as "CORONAM – Online Onam Celebrations".

5. Dr. Ramya Krishnan M.

- Attended one week FDP on "Accreditation Framework" organised by IQAC, Christ Nagar College Trivandrum from 31st August to 7th September 2021.
- Attended one week online FDP on "Value Based Research Publications" organised by IQAC, MIIMS Angadippuram from 6th to 10th September 2021

6. Dr. Eldho K J

- Published and got a patent in "Sensor Baseed intelligent brain Computer Interface System for Assisting hand paralyzed patients to perform typing by brain" in IP Office Journal of the Indian Patent Office , The Patent Office Journal No.34/2021 Dated 20/08/21 pp.36869 on 18. 08.2021
- Attended a UGC Sponsored MHRD refresher Course "Rcmoocs. in,Teaching Learning Centre,RamanujanCollege,University of DelhiKalkaji, New Delhi-110019" from 05.08.2021 to 19.08.2021
- Attended a webinar on Metrix Analysis with Applications and

Social Media Crime and Safety Measures at Don Bosco College SulthanBathery on 17.08.2021 and 18.08.2021

- Attended a webinar on Role of Journal Indexing and Scientometrics in Reserch Productivity conducted by Department of IT , Kannur University on 09 and 10 th of September 2021. Appointed as a faculty Co ordinator in Swatch Action Plan, Ministry of Education. Govt. of India for SAP Team for Water on 16.08.2021
- Acted as a resource person in Mar Bselios TTC College, S.Bathery for a webinar on Communication about Communication on 13.09.2021
- Appointed as a Question paper setter in St. Joseph's College (Autonomous), Irinjalakuda for PG Computer Science on 03.09.2021
- Acted as a resource person in Dept. of CS Don Bosco College SulthanBathery College, S.Bathery for a webinar on Cryptography and network security on 31.08.2021

**Maria Martin Joseph**

Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ C-SMILES വെർച്വൽ പ്ലാറ്റ്ഫോമിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. എൽ.പി.വിഭാഗം വിദ്യാർത്ഥികളുടെ പ്രച്ഛന്നവേഷ മത്സരത്തിൽ ബിയാൻ ജെയ്സൺ (ദ്വാരക എ.യു.പി.സ്കൂൾ) ഒന്നാം സ്ഥാനവും, എയ്ഡൻ കാക്കനാട്ട് (കല്ലോടി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ) രണ്ടാം സ്ഥാനവും, അഭിരാഗ് ഗോവിന്ദ് സി. (നടവയൽ സെന്റ് തോമസ് എൽ.പി. സ്കൂൾ) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

യു.പി. വിഭാഗം മോണോ ആക്ട് മത്സരത്തിൽ മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി. സ്കൂളിലെ ക്രിസ്റ്റ മരിയ ഫെലിക്സ്, പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് എ.യു.പി. സ്കൂളിലെ നയൻ മരിയ ഷിബു, അമ്പായത്തോട് യു.പി.സ്കൂളിലെ ദിയ ലക്ഷ്മി എന്നിവർ യഥാക്രമം ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് അർഹരായി.

ഹൈസ്കൂൾ വിഭാഗത്തിന്റെ മത്സരയിനമായ ദൃശ്യാവിഷ്ക്കാരം, ടീമുകളുടെ ആവിഷ്ക്കാര മികവ് കൊണ്ടും വിഷയങ്ങളുടെ വ്യത്യസ്തത കൊണ്ടും ശ്രദ്ധേയമായി. കണിയാരം ഫാ.ജി.കെ.എം. ഹൈസ്കൂളിലെ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും, നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ രണ്ടം സ്ഥാനവും, ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ ടീം മൂന്നാം സ്ഥാനവും നേടി.

C-SMILES മീഡിയ കമ്മീഷനുമായി ചേർന്ന് നടത്തിയ ഹയർസെക്കന്ററി വിഭാഗം ദേശഭക്തിഗാനമത്സരം ഓരോ ടീമിന്റെയും മികവുറ്റ അവതരണം കൊണ്ട് ആകർഷകമായി. മത്സരത്തിൽ കൊട്ടിയൂർ ഐ.ജെ.എം. ഹയർസെക്കന്ററി സ്കൂൾ ടീം ഒന്നാം സ്ഥാനവും, നടവയൽ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ, കല്ലോടി സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ രണ്ടാം സ്ഥാനവും,

പയ്യമ്പള്ളി സെൻ്റ് കാതറൈൻസ് ഹയർസെക്കൻ്ററി സ്കൂൾ ടീം മൂന്നാം സ്ഥാനവും നേടി. വിജയികൾക്കുള്ള ക്യാഷ് പ്രൈസ്, ഇ-സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്തു.

കോർപ്പറേറ്റ് മാനേജ്മെൻ്റിൻ്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ C-SMILES വീഡിയോ ലൈബ്രറിയിൽ, ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലായി വ്യത്യസ്ത വിഷയങ്ങളിൽ 620 ക്ലാസുകൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞു. ക്ലാസ്സുകളെടുത്ത അധ്യാപകർക്കുള്ള ഇ-സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

2021-22 അധ്യയന വർഷത്തെ വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അധ്യാപകരോട് നേരിട്ട് സംവദിക്കുന്നതിനുമായി കല്ലോടി സെൻ്റ് ജോസഫ്സ് ഹൈസ്കൂൾ, മണിമൂളി CKHS, മുള്ളൻകൊല്ലി സെൻ്റ് തോമസ് യു.പി.സ്കൂൾ, ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങൾ സന്ദർശിച്ചു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ